കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2018-19

കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്

e-mail:dowyd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എ.ഡബ്ല്യു.വൈ.ഡി.പി3-55/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ല ഓാഡിറ്റ് കാര്യാലയം, വയനാട്

തീയതി: 19/02/2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് സെക്രട്ടറി മുഖേന

മുള്ളൻകൊല്ലി ഗ്രാമ പഞ്ചായത്ത്.

സർ,

വിഷയം : മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്ത് -2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ 1-10,1-27 ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ 3-2 ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും

അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ,
തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം കെ.എസ്.എ.ഡബ്ല്യു.വൈ.ഡി.പി3-55/2020

തിയ്യതി:19/02/2020

വയനാട് ജില്ലയിലെ മുള്ളൻകൊല്ലിഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

വയനാട് ജില്ലയിലെ മുള്ളൻകൊല്ലിഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 26.12.19മുതൽ 07.01.2020 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 31.03.2019 വരെയുള്ള വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥ | ശ്രീമതി.വസന്ത. പി.എസ്.<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 26.12.19മുതൽ<br>07.01.2020വരെ |

| | |
|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.എ.ജി.കിഷോർ,<br>ഓഡിറ്റ് ഓഫീസർ. |
| | ശ്രീമതി.ബിന്ദു. കെ.കെ<br>അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ.എം.സമീർ,<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി.സൌമ്യ ജോൺ,<br>ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ഗിരിജ കൃഷ്ണൻ | 01.04.2018മുതൽ<br>31.03.2019 വരെ |
| വൈസ് പ്രസിഡന്റ് | ശിവരാമൻ പാറക്കുഴിയിൽ | 01.04.2018മുതൽ<br>31.03.2019 വരെ |
| സ്റ്റാന്റിംഗ്കമ്മിറ്റി ചെയർമാൻ (വികസന കാര്യം) | ജീന ഷാജി | 01.04.2018മുതൽ<br>31.03.2019 വരെ |
| സ്റ്റാന്റിംഗ്കമ്മിറ്റി ചെയർമാൻ (ക്ഷേമകാര്യം) | മുനീർ ആച്ചിക്കുളത്ത് | 01.04.2018മുതൽ<br>31.03.2019 വരെ |
| സ്റ്റാന്റിംഗ്കമ്മിറ്റി ചെയർമാൻ (ആരോഗ്യം വിദ്യാഭ്യാസം ) | സിസിലി ചെറിയാൻ | 01.04.2018മുതൽ<br>31.03.2019 വരെ |

(സി) നിർവഹണ ഉദ്യോഗസ്ഥർ

| | | |
|---|---|---|
| സെക്രട്ടറി | എൻ എ ജയരാജൻ | 01.04.2018 മുതൽ<br>31/03/2019 വരെ |
| അസി.സെക്രട്ടറി | അജി കെ പണിക്കർ | 01.04.2018 മുതൽ<br>31/03/2019 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി ) | ഡോ.അബ്ദുറഹ്മാൻ കുട്ടി വി | 01.04.2018 മുതൽ<br>31.03.2019 വരെ |
| മെഡിക്കൽഓഫീസർ (ആയുർവേദം) | ഡോ. ചന്ദു എസ് | 01.04.2018 മുതൽ<br>31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. രഞ്ജിത് ചന്ദ്ര യു | 01.04.2018 മുതൽ<br>31.03.2019 വരെ |

| | | |
|---|---|---|
| വെറ്ററിനറി സർജൻ | ഡോ. കെ എസ് പ്രേമൻ | 01.04.2018 മുതൽ 31.03.2019 വരെ |
| കൃഷി ഓഫീസർ | ടാനി തോമസ് | 01/04/2018-02/11/2018 |
| | അജിൽ എം എസ് | 03/11/2018-31/03/2019 |
| ഐ സി ഡി എസ് സൂപ്പർവൈസർ | സിന്ധു കെ പി | 01.04.2018 മുതൽ 31.03.2019 വരെ |
| അസി.എഞ്ചിനീയർ | വിന്നി ജോൺ | 01/04/2018-26/11/2018 |
| | ദൊരസ്വാമി പി ആർ | 27/11/2018-11/02/2019 |
| | ഷിനോജ് ടി വി | 12/02/2019-01/03/2019 |
| | ഇന്ദിര എൻ എം | 02/03/2019-31/03/2019 |
| ഹെഡ് മാസ്റ്റർ | പി സുരേന്ദ്രൻ | 01.04.2018 മുതൽ 31.03.2019 വരെ |
| വി ഇ ഒ | ബിനീഷ് വർഗ്ഗീസ് | 01/04/2018-30/06/2018 |
| | സജീന്ദ്രകുമാർ കെ | 06/07/2018-31/03/2019 |
| | സതീഷ് കുമാർ എ ആർ | 25/07/2018-31/03/2019 (ആശ്രയഭവനപദ്ധതി) |
| ടി.ഇ.ഒ | എ ജി ഉണ്ണികൃഷ്ണൻ | 01/04/2018-12/07/2018 |
| | ബാബു എം പ്രസാദ് | 12/07/2018-31/03/2019 |

ഉള്ളടക്കം


| ക്രമ നം. | വിവരണം | ഖണ്ഡിക |
|---|---|---|
| 1 | ബഡ്ജറ്റ് തയ്യാറാക്കിയതിൽ നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല. രേഖകൾ ഇല്ല. | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-4 |
| 5 | ഫണ്ട് വിനിയോഗം ( ACR) | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-9 |
| 10 | പദ്ധതിരൂപീകരണം - നടപടിക്രമങ്ങൾ | 1-10 |

| | | |
|---|---|---|
| | പാലിക്കുന്നതിൽ അപാകങ്ങൾ . | |
| 11 | ആഭ്യന്തരനിയന്ത്രണസംവിധാനം -കാര്യക്ഷമമല്ല. | 1-11 |
| 12 | രസീതുകളിലെ തുകകൾ തിരുത്തി- രസീതുകൾ റദ്ദ് ചെയ്ത് സൂക്ഷിക്കുന്നില്ല.. | 1-12 |
| 13 | നിർവ്വഹണോദ്യോഗസ്ഥൻ പ്രതിദിന കളക്ഷൻ തുക പഞ്ചായത്തിൽ വൈകി ഒടുക്കുന്നു. | 1-13 |
| 14 | കെട്ടിടത്തിന്റെ മുഴുവൻ വിസ്തീർണ്ണത്തിനും പെർമിറ്റ് ഫീസ് കണക്കാക്കിയിട്ടില്ല. | 1-14 |
| 15 | കുഴൽകിണർ നിർമ്മാണത്തിന് തുക ഡെപ്പോസിറ്റ് ചെയ്തു- പൂർത്തീകരിച്ചില്ല. | 1-15 |
| 16 | അങ്കണവാടികൾക്ക് കുടിവെള്ളം - പദ്ധതി - തുക കൈമാറി മാസങ്ങൾ കഴിഞ്ഞ് നിർവ്വഹണ ഏജൻസിയുമായി കരാറിൽ ഏർപ്പെടുന്നു - നാളിതു വരെ പദ്ധതി പൂർത്തീകരിച്ചിട്ടില്ല. | 1-16 |
| 17 | പൈപ്പ് ലൈൻഎക്സ്റ്റൻഷൻ പ്രവൃത്തികൾ പൂർത്തീകരിച്ചില്ല. | 1-17 |
| 18 | നിർവഹണോദ്യോഗസ്ഥരുടെ പേരിലുള്ള ബാങ്ക് അക്കൌണ്ടിലെ തുകകൾ സംബന്ധിച്ച വിവരങ്ങൾ ഹാജരാക്കാത്തത്. | 1-18 |
| 19 | എസ്.എസ്.എ വിഹിതം നൽകൽ - സ്കീം വിനിയോഗ സാക്ഷ്യപത്രം കൃത്യമായി പരിശോധിക്കാതെയും പദ്ധതി മോണിറ്റർ ചെയ്യാതെയും തുക നൽകുന്നു | 1-19 |
| 20 | സമഗ്ര വരൾച്ചാ നിവാരണ പദ്ധതി വിഹിതം - തുക ചെലവഴിക്കാതെ തന്നെ ചെലവായി രേഖപ്പെടുത്തി | 1-20 |
| 21 | ഫ്രണ്ട് ഓഫീസിലേക്ക് ടോക്കൺ മെഷീൻ വാങ്ങൽ - അടിസ്ഥാന സൗകര്യമൊരു-ക്കാതെ വാങ്ങിയതിനാൽ മെഷീൻ ജനങ്ങൾക്ക് ഉപകാരപ്രദമായില്ല. സപ്ലയർ നൽകിയ ഗ്യാരണ്ടി ഉപയോഗിക്കാതെ തന്നെ നഷ്ടമായി. | 1-21 |
| 22 | അങ്കൺവാടി വൈദ്യുതീകരണം-വൈദ്യുതി കണക്ഷൻ ലഭ്യമാക്കാൻ നടപടികൾ സ്വീകരിച്ചിട്ടില്ല | 1-22 |
| 23 | അനുഗ്രഹ ഭവന പദ്ധതി - ഗുണഭോക്താക്കൾക്ക് വിതരണം നടത്താനായി ബാങ്ക് വായ്പയായി എടുത്ത തുക വിതരണം നടത്താതെ ബാങ്ക് അക്കൗണ്ടിൽ സൂക്ഷിച്ചു. | 1-23 |
| 24 | പൊതുമരാമത്ത് പ്രവൃത്തിനടത്തിപ്പ് - പൊതു അപാകതകൾ | 1-24 |
| 25 | കാരക്കാട്ട് ഗാന്ധി റോഡ് ടാറിംഗ്,-ഒരേ റോഡിന് രണ്ട് പദ്ധതികൾ -എസ്റ്റിമേറ്റിന് വിരുദ്ധമായി പദ്ധതി നടപ്പാക്കി. | 1-25 |

| | | |
|---|---|---|
| 26 | പെരിക്കല്ലൂർ പാതിരി റോഡ് റീടാറിംഗ്പദ്ധതി എസ്റ്റിമേറ്റ് തയ്യാറാക്കിയതിലും പദ്ധതി നടപ്പാക്കിയതിലും അപാകങ്ങൾ. | 1-26 |
| 27 | ചാമപ്പാറ തെക്കനാട്ട് കവല സീതാമൌണ്ട് റോഡ് ടാറിംഗ്-പ്രോജക്റ്റ് ആസൂത്രണം നടത്തിയതിൽ അപാകങ്ങൾ | 1-27 |
| 28 | തറപ്പത്ത് കവല എസ്.സി.കോളനി കുടിവെള്ളപദ്ധതി-മോട്ടോർ സ്ഥാപിക്കൽ | 1-28 |
| 29 | കരാർ തുകയിൽ പരിമിതപ്പെടുത്താതെ തുക അനുവദിച്ചു | 1-29 |
| 30 | അനുഗ്രഹ ഭവന പദ്ധതി - ഗുണഭോക്താക്കൾക്ക് വിതരണം നടത്താനായി ബാങ്ക് വായ്പയായി എടുത്ത തുക വിതരണം നടത്താതെ ബാങ്ക് അക്കൗണ്ടിൽ സൂക്ഷിച്ചതിനാൽ പലിശയിനത്തിൽ നഷ്ടം. | 3-1 |
| 31 | കരാർ തുകയിൽ പരിമിതപ്പെടുത്താതെ തുക അനുവദിച്ചതിനാൽ 121355 രൂപയുടെ നഷ്ടം. | 3-2 |
| 32 | സംയുക്തപ്രോജക്റ്റുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 33 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 34 | വായ്പ / വായ്പാതിരിച്ചടവ് | 4-3 |
| 35 | സ്ഥിര നിക്ഷേപം | 4-4 |
| 36 | ഓഡിറ്റ് റിക്കവറി | 4-5 |
| 37 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-5 |
| 38 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-6 |
| 39 | ഓഡിറ്റ് പ്രത്യവലോകനം | 4-7 |
| 40 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-8 |
| 41 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം-1 |


# ഭാഗം -1

# ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബഡ്ജറ്റ് തയ്യാറാക്കിയതിൽ നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല. രേഖകൾ ഇല്ല.

2018-19 വർഷത്തെ ബഡ്ജറ്റ് 26.03.18 ലെ 1/01/18-)ാംനമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. റിവൈസ്ഡ് ബജറ്റ് 04.02.19 ലെ 09/2019 തീരുമാനപ്രകാരവും അംഗീകരിച്ചിട്ടുണ്ട്. 2018-19 വർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിൽ

02.12.2016 ലെ ജി.ഒ.ആർ.ടി 3291/16 (LSGD)പ്രകാരമുള്ള നടപടികൾ പാലിച്ചതായി കാണുന്നില്ല.

ബഡ്ജറ്റ് തയ്യാറാക്കുന്നതിന് മുൻപ് വാർഷിക പദ്ധതി തയ്യാറാക്കിയതായോ , പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം മേഖലാതല ഫണ്ട് വിഭജനവിവരങ്ങൾ തയ്യാറാക്കിയതായോ കാണുന്നില്ല.സാമ്പത്തികവർഷത്തേക്കുള്ള ബഡ്ജറ്റ് തയ്യാറാക്കുന്നതിന് കെട്ടിടങ്ങളുടെയും ഭൂമികളുടെയും ലിസ്റ്റ് ,ട്രേഡേഴ്സ് ലിസ്റ്റ്,സ്ഥാപനങ്ങളുടെ ലിസ്റ്റ് (കേ.പ.രാ.നിയമം വകുപ്പ് 205ബി) എന്നിവ തയ്യാറാക്കുന്നതിന് ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി സെക്രട്ടറിക്ക് നിർദ്ദേശം നൽകിയതായോ അപ്രകാരം നികുതി /നികുതിയേതര വരവുകളുടെ എസ്റ്റിമേറ്റിന്റെ വാസ്തവികത ഉറപ്പ് വരുത്തിയതായോ കാണുന്നില്ല.

ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയുടെ 10.01.18 ലെ 2/18 നമ്പർ തീരുമാനപ്രകാരം നിർവഹണോദ്യോഗസ്ഥരോടും വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റികളോടും വിവരങ്ങൾ ജനുവരി 15ന് മുൻപ് സമർപ്പിക്കാൻ നിർദ്ദേശിക്കുവാൻ തീരുമാനിച്ചെങ്കിലും സെക്രട്ടറിയുടെ 22.01.18 ലെ എ1.335/18നമ്പർ കത്ത് പ്രകാരമാണ് ആവശ്യപ്പെട്ടത്. എന്നാൽ ഘടകസ്ഥാപനമേധാവികളുടെ യോഗം വിളിച്ചതായി കാണുന്നില്ല. സെക്രട്ടറി, വിവിധ ഓഫീസ് തലവൻമാർ എന്നിവരുടെ യോഗം ചേർന്ന് ബഡ്ജറ്റ് എസ്റ്റിമേറ്റുകൾ തയ്യാറാക്കി അതാത് വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന സ്റ്റാൻഡിങ്ങ് കമ്മിറ്റികൾക്ക് നൽകുകയും ഇവ അതാത് സ്റ്റാൻഡിങ്ങ് കമ്മിറ്റികൾ പരിശോധിച്ച് , ജനുവരി 15 ന് മുമ്പ് ബഡ്ജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കി ധനകാര്യ സ്റ്റാന്റിങ്ങ്കമ്മിറ്റിക്ക് നൽകണമെങ്കിലും അപ്രകാരം സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് ഉദ്യോഗസ്ഥർ നിർദ്ദേശങ്ങൾ സമർപ്പിച്ചതായോ സ്റ്റാൻഡിംഗ് കമ്മിറ്റികൾ ഇവ പരിശോധിച്ച് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയ്ക്ക് ബഡ്ജറ്റ് നിർദ്ദേശങ്ങൾ സമർപ്പിച്ചിക്കുകയോ ചെയ്തതായി രേഖകളിൽ കാണുന്നില്ല.പ്രോപ്പോസൽ ആവശ്യപ്പെടാൻ തീരുമാനിച്ചതല്ലാതെ മറ്റ് യാതൊരു നടപടിക്രമങ്ങളും പാലിച്ചിട്ടില്ല.22.03.18 ന് തന്നെ ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി കരട്ബജറ്റ് അംഗീകരിക്കുകയാണുണ്ടായത്. (കേ.പ.രാ.നിയമം വകുപ്പ് 214(1)). ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി അന്തിമ പ്രൊപ്പോസൽ തയ്യാറാക്കിയതിന്റെ രേഖകളും ഓഡിറ്റിന് ലഭിച്ചിട്ടില്ല). ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി മിനുട്സിൽ 2017-18 ലെ ബജറ്റ് എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

റിവൈസ്ഡ് ബജറ്റ് പ്രകാരമുള്ള വരവ് ചെലവുകളും വാർഷികകണക്കുകൾ പ്രകാരമുള്ള വരവ് ചെലവുകളും പൊരുത്തപ്പെടുന്നില്ല. ഓഡിറ്റ് എൻക്വയറി നം. 20/2018-19/ 06.01.2020 പ്രകാരം വിവരം ശ്രദ്ധയിൽപ്പെടുത്തിയതിന് മറുപടി നൽകിയിട്ടില്ല.

# 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.19 | 15.5.19 | - | - |

# 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2018-19 | 29.05.19 മുതൽ 30.05.19 വരെ | കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി. പി3-641/19+18./8.19 |

# 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 11894916 |
| വരവ് | 121948807 |
| ആകെ | 133843723 |
| ചെലവ് | 123328063 |
| നീക്കിയിരിപ്പ് | 10515660 |

# 1-5 ഫണ്ട് വിനിയോഗം ( ACR)

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട് -ജനറൽ (ACR പ്രകാരം) | 0 | 26812617 | 26812617 | 25953090 | 859527 |
| വികസന ഫണ്ട്- എസ്.സി.പി (ACR പ്രകാരം) | 0 | 4016000 | 4016000 | 2242236 | 1773764 |
| വികസന ഫണ്ട്- | 0 | 6903000 | 6903000 | 5802858 | 1100142 |

| | | | | | |
|---|---|---|---|---|---|
| ടി.എസ്.പി (ACR പ്രകാരം) | | | | | |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 26812000 | 26812000 | 22188473 | 4623527 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 5282000 | 5282000 | 3344696 | 1937304 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 12205000 | 12205000 | 1165894 | 1039106 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | 0 | 0 | 0 | 0 | 0 |
| ബി ഫണ്ട് | 0 | 124640 | 124640 | 124640 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | 2699818 | 12903004 | 15602822 | 13819772 | 1783050 |
| തനത് ഫണ്ട് ബാങ്ക് അക്കൗണ്ട് | 8094999 | 6008341 | 14103340 | 8639021 | 5464319 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 259 | 219029670 | 167 | 102559409 | 70 | 22 | 64.47 |

# 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 7022 | 633196 | 640218 | 614988 | 25230 |

| | | | | | |
|---|---|---|---|---|---|
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 31237629 | 31237629 | 31237629 | 0 |
| മെറ്റീരിയൽസ് | 0 | 325200 | 325200 | 325200 | 0 |

വാർഷിക കണക്കുകളിലെ തുകയും പഞ്ചായത്തിൽ എഴുതി സൂക്ഷിച്ച ക്യാഷ് ബുക്ക് പ്രകാരമുള്ള തുകയും പൊരുത്തപ്പെടുന്നില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

# 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 35640 | 20 |
| കർഷകതൊഴിലാളി പെൻഷൻ | 5416600 | 445 |
| വിധവാപെൻഷൻ | 10985800 | 1006 |
| വാർദ്ധക്യകാലപെൻഷൻ | 26696400 | 2715 |
| വികലാംഗപെൻഷൻ | 3674800 | 325 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 90000 | 3 |

# 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 17/06/2019,18/06/2019 | 01/01/19-31/03/19 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | | | |

# 1-10 പദ്ധതിരൂപീകരണം - നടപടിക്രമങ്ങൾ പാലിക്കുന്നതിൽ അപാകങ്ങൾ .

പതിമൂന്നാം പഞ്ചവൽസര പദ്ധതിയിലെ ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെ വാർഷിക പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട് ഗ്രാമ,ബ്ലോക്ക് ,ജില്ലാ പഞ്ചായത്തുകൾ പാലിക്കേണ്ട നടപടിക്രമങ്ങളും ചുമതലകളും സംബന്ധിച്ച്

29.01.2018 ലെ ജി.ഒ.(എം.എസ്) 11/2018 ത.സ്വ.ഭ.വ പ്രകാരം നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. കൂടാതെ പദ്ധതിരൂപീകരണത്തിലും നടത്തിപ്പിലുമുള്ള സ്റ്റാൻഡിംഗ് കമ്മിറ്റികളുടെ ചുമതലകളും മേൽ ഉത്തരവിൽ പ്രതിപാദിച്ചിട്ടുണ്ട്.

മേൽ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തിൽ 13 വർക്കിംഗ് ഗ്രൂപ്പുകൾ തൻവർഷം രൂപീകരിച്ചിട്ടുണ്ട് എന്ന് മിനുട്സ് ബുക്കുകൾ ഹാജരാക്കിയിട്ടുണ്ടെങ്കിലും വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചതിൻെറ വിവരം ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ജി.ഒ.(എം.എസ്) 11/2018.ത.സ്വ.ഭ.വ 29.01.18 പ്രകാരം പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് ആസൂത്രണസമിതി രൂപീകരിച്ച് ഫോറം 1ലും വിവിധ വർക്കിംഗ് ഗ്രൂപ്പുകളെ തെരഞ്ഞെടുത്ത ഫോറം നം 2 ലും തയ്യാറാക്കി പഞ്ചായത്ത് ഉത്തരവായി തയ്യാറാക്കണമെന്നുണ്ടെങ്കിലും തയ്യാറാക്കി കാണുന്നില്ല.

പഞ്ചായത്തിൽ പദ്ധതി രൂപീകരണ നടപടിക്രമങ്ങൾ പൂർണ്ണമായും പാലിക്കാതെയാണ് പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കിയിട്ടുള്ളത്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. 2018-19 വർഷത്തേക്കുള്ള പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നത് 17.02.18 ന് മാത്രമാണ്. ഈ യോഗങ്ങളിൽ ഓരോ മേഖലകളിലെയും നിലവിലെ സ്ഥിതി പൂർണ്ണമായും അവലോകനം ചെയ്തതായി കാണുന്നില്ല. അതിനുശേഷം 03.03.18 ന് നടന്ന യോഗത്തിലും ഏതാനും പദ്ധതിനിർദ്ദേശങ്ങൾ നൽകുക എന്നതിൽ കവിഞ്ഞ് മറ്റ് ചർച്ചകൾ നടന്നതായി വർക്കിംഗ് ഗ്രൂപ്പ് മിനുട്സിൽ രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ പദ്ധതി രൂപീകരണ പ്രക്രിയയിൽ വർക്കിംഗ് ഗ്രൂപ്പുകൾക്ക് പങ്ക് വഹിച്ചതായി കാണുന്നില്ല.
2. സ്റ്റാറ്റസ് റിപ്പോർട്ടുകളും വികസനരേഖയും തയ്യാറാക്കുന്നത് സംബന്ധിച്ച് വർക്കിംഗ് ഗ്രൂപ്പുകൾ ചർച്ച നടത്തുകയോ,തയ്യാറാക്കുകയോ അംഗീകരിക്കുകയോ ചെയ്തിട്ടില്ല. സ്റ്റാറ്റസ് റിപ്പോർട്ടും വികസനരേഖയും തയ്യാറാക്കിയത് നടപടിക്രമങ്ങൾ പാലിക്കാതെയാണ്. അതു കൊണ്ടുതന്നെ ഇവ പഞ്ചായത്തിന്റെ യഥാർത്ഥ അവസ്ഥകളെയോ, വികസനകാഴ്ച്ചപ്പാടിനെയോ പ്രതിഫലിപ്പിക്കുന്നില്ല.
3. സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കാത്തതിനാൽ തന്നെ സ്റ്റാറ്റസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വർക്കിംഗ് ഗ്രൂപ്പുകൾ പ്രോജക്ട് തയ്യാറാക്കുകയോ , പ്രോജക്ടുകൾ വാർഡ് സഭകളിൽ ചർച്ച ചെയ്ത് അന്തിമപദ്ധതിയിലേക്ക് എത്തുകയോ ചെയ്യുന്നില്ല.

4. 07.3.18 ന് വികസനസെമിനാർ നടന്നതായി മിനുട്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്.പ്രോജക്ട് നിർദ്ദേശങ്ങൾ ചർച്ച ചെയ്തിട്ടുണ്ടെങ്കിലും നിലവിലെ അവസ്ഥ സംബന്ധിച്ച് അവലോകനം നടത്തിയതായി കാണുന്നില്ല.

5. വിവിധ വിഭവസമാഹരണസാദ്ധ്യതകൾ പരിഗണിച്ച് പദ്ധതിയുടെ അടങ്കൽ തുക ,തദ്ദേശഭരണസ്ഥാപനത്തിന്റെ മുൻഗണനകൾ എന്നിവ പരിഗണിച്ച് ഓരോ വിഷയമേഖലയിലേക്കുംഉപമേഖലക്കും വകയിരുത്താവുന്ന അടങ്കൽ തുക പ്രമേയം മുഖേന ഭരണസമിതി തീരുമാനിക്കുകയോ ,സ്റ്റാൻഡിംഗ് കമ്മിറ്റികൾക്ക് നിർദ്ദേശം നൽകുകയോ ,അതനുസരിച്ച് സ്റ്റാൻഡിംഗ് കമ്മിറ്റികൾ വർക്കിംഗ് ഗ്രൂപ്പുകളോട് പദ്ധതി രൂപീകരിക്കാൻ ആവശ്യപ്പെടുകയോ ചെയ്തിട്ടില്ല.

6. വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിൽ ചെയ്യേണ്ട പ്രവർത്തനങ്ങൾ നടത്തിയിട്ടില്ല. നടപ്പുപദ്ധതിപ്രവർത്തനങ്ങൾ സംബന്ധിച്ച വിലയിരുത്തൽ റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല. പദ്ധതി നടത്തിപ്പ് മോണിട്ടർ ചെയ്തിട്ടില്ല.ഓരോ വർഷത്തേക്കുമുള്ള പദ്ധതിനിർദ്ദേശങ്ങൾ നൽകുക എന്നല്ലാതെ അവയിൽ ഏതൊക്കെ നടപ്പായി എന്ന് പരിശോധിക്കാതെ അടുത്ത പദ്ധതിനിർദ്ദേശങ്ങൾ നൽകുക എന്നാണ് വർക്കിംഗ് ഗ്രൂപ്പ് മിനുട്സിൽ രേഖപ്പെടുത്തുന്നത്.

7. പദ്ധതിനടത്തിപ്പ് മോണിട്ടറിംഗ് വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിൽ നടന്നിട്ടില്ല.

8. .വർക്കിംഗ് ഗ്രൂപ്പ് മിനുട്സുകൾ പരിശോധിച്ചതിൽ പല യോഗങ്ങളുടെയും മിനുട്സുകൾ എഴുതി പൂർത്തീകരിച്ചതായി കാണുന്നില്ല.

ഉദാ-

പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് യോഗം -03.03.18

സ്ത്രീകളുടെയും കുട്ടികളുടെയും വികസനം യോഗം-24.05.18

സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്കു വിരുദ്ധമായി പദ്ധതിരൂപീകരണം നടത്തിയതിനും പദ്ധതികൾ നടപ്പാക്കിയതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-11 ആഭ്യന്തരനിയന്ത്രണസംവിധാനം

# -കാര്യക്ഷമമല്ല.

ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായിട്ടുള്ള ചുമതലകൾ നിർവഹിക്കുന്നതിൽ ഗ്രാമപഞ്ചായത്ത് പൂർണ്ണമായും വിജയിച്ചിട്ടില്ല. 1994 -ലെ കേരളപഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 166 ഒന്നാം ഉപവകുപ്പ് മൂന്നാം പട്ടിക പ്രകാരം ഗ്രാമപഞ്ചായത്തിന്റെ അനിവാര്യചുമതലകൾ നിർവഹിക്കുന്നതിലും പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണസംവിധാനം പാലിക്കുന്നതിലും താഴെപ്പറയുന്ന അപാകതകൾ വന്നിട്ടുണ്ട്.

1. ടെണ്ടർ ഫോറം സ്റ്റോക്ക് രജിസ്റ്റർ എഴുതിസൂക്ഷിച്ചിട്ടില്ല. ടെണ്ടർ ഫോറം വിറ്റതിന്റെയും ബാക്കിയുള്ളതിന്റെയും വില ഈടാക്കിയതിന്റെയും കണക്കുകൾ സൂക്ഷിച്ചിട്ടില്ല. അതിനാൽ ടെണ്ടർ ഫോറങ്ങൾ ദുരുപയോഗം ചെയ്യപ്പെടാനുള്ള സാഹചര്യം നിലനിൽക്കുന്നു.

2. നിർവഹണോദ്യോഗസ്ഥരുടെ ബാങ്ക് അക്കൌണ്ടിൽ തുകകൾ ബാക്കിനിൽക്കുന്നെങ്കിലും അവയുടെ വിവരം പഞ്ചായത്തിന്റെ കണക്കിൽ ഉൾപ്പെടുത്തുന്നില്ല.

3. സംയുക്തപ്രോജക്ടുകൾക്ക് വേണ്ടി തുകകൾ ലഭിക്കുന്നതിൽ നടപടിക്രമങ്ങൾ പാലിക്കാത്തതിനാൽ വകയിരുത്തുന്ന തുകകൾ ചെലവഴിക്കാൻ കഴിയുന്നില്ല.കൂടാതെ വകയിരുത്തുന്ന തുക ലഭ്യമാകാത്തതിനാൽ പഞ്ചായത്തിന് ബാദ്ധ്യത വരുന്നു.(ഉദാ:- ക്ഷീരകർഷകർക്ക് കാലിത്തീറ്റ ലഭ്യമാക്കേണ്ട പദ്ധതിയിൽ ബ്ലോക്ക് പഞ്ചായത്ത് വിഹിതം ,ജില്ലാപഞ്ചായത്ത് വിഹിതം എന്നിവ ലഭിക്കുമെന്ന പ്രതീക്ഷയിൽ ഗുണഭോക്തൃവിഹിതം ഈടാക്കി കാലിത്തീറ്റ വിതരണം ചെയ്തതിനാൽ നിലവിൽ കേരളഫീഡ്സിന് തുക നൽകാൻ ബാക്കിയുണ്ട്.)

4. ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കുന്നതിലും അന്തിമമാക്കുന്നതിലും സൂക്ഷ്മത പുലർത്താത്തതിനാൽ സമഗ്രവരൾച്ചാനിവാരണപദ്ധതി നടപ്പാക്കാനായില്ല.

5. ശുചിത്വമിഷനിൽനിന്നും കിട്ടിയ തുകയിൽ നിലവിൽ 12,16,789/- രൂപ ബാക്കിയുണ്ടെങ്കിലും തൻവർഷം പദ്ധതികൾ ഒന്നും നടപ്പാക്കിയിട്ടില്ല. ശുചിത്വമിഷനിൽ നിന്ന് ലഭിച്ച തുക ചെലവഴിക്കാൻ കഴിഞ്ഞിട്ടില്ല. -മെറ്റീരിയൽസ് കളക്ഷൻ സെന്റർ നിർമ്മാണത്തിന് പ്രോജക്ട് തയ്യാറാക്കിയിരുന്നുവെങ്കിലും നടപ്പാക്കിയിട്ടില്ല.

6. പൊതുസ്ഥലങ്ങളിൽ ഡസ്റ്റ് ബിൻ സ്ഥാപിക്കുന്നതിന് പ്രോജക്ട് രൂപീകരിച്ചെങ്കിലും നടപ്പാക്കിയിട്ടില്ല.

7. ഘടകസ്ഥാപനങ്ങളുടെ ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി നടപ്പാക്കിയിട്ടില്ല.(ഉദാ-ഹോമിയോ ആശുപത്രി വൈദ്യുതീകരണം)

8. സമ്പൂർണ്ണശുചിത്വമിഷൻ -5493000 രൂപ ചെലവഴിക്കാൻ അവശേഷിക്കുന്നു

9. സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച തുക ചെലവഴിക്കാൻ അവശേഷിക്കുന്നു.

10. സ്ട്രീറ്റ് ലൈറ്റ് റിപ്പയറിംഗ് സംബന്ധിച്ച് പ്രോജക്റ്റ് രൂപീകരിക്കുന്നതിനും നടപ്പാക്കുന്നതിനും വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റി യോഗങ്ങളിലും ഭരണസമിതിയോഗത്തിലും നിർദ്ദേശങ്ങൾ വന്നുവെങ്കിലും പ്രോജക്ട് തയ്യാറാക്കി നടപ്പാക്കിയിട്ടില്ല.

11. സർക്കാർ ഉത്തരവ് 72/17 ത.സ്വ.ഭ.വ തീ 29/3/2017 പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 13.6(9) അനുസരിച്ച് മെയിന്റനൻസ് ഫണ്ട് പ്രോജക്ടുകൾ തയ്യാറാക്കുന്നതിന് ഘടക സ്ഥാപന മേധാവികളുടെ യോഗം വിളിക്കേണ്ടതുണ്ട്.എന്നാൽ ഇപ്രകാരം യോഗം വിളിച്ചതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

12. വിവിധപദ്ധതികൾക്ക് ലഭിക്കുന്ന ജില്ലാപഞ്ചായത്ത് ,ബ്ലോക്ക് പഞ്ചായത്ത് വിഹിതങ്ങളിൽ ചെലവഴിക്കാത്ത തുകകൾ തിരിച്ചടക്കുന്നില്ല.

13. റീകൺസിലിയേഷൻ നടത്തുന്നതിൽ അപാകങ്ങൾ ഉണ്ട്. തുകകൾ ബാങ്ക് അക്കൌണ്ടിൽ ക്രഡിറ്റ് ചെയ്യുന്നത് പരിശോധിക്കപ്പെടുന്നില്ല.

14. ഭരണസമിതി തീരുമാനങ്ങൾ നടപ്പാക്കുന്നതിൽ വീഴ്ച-ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

    -തീരുമാനം നമ്പർ14/18 19.06.18-അന്യാധീനപ്പെട്ട ആസ്തികൾ സംരക്ഷിക്കാൻ , ആസ്തിരജിസ്റ്ററിൽ ഉൾപ്പെടുത്താൻ തീരുമാനമെടുത്തെങ്കിലും തീരുമാനം നടപ്പാക്കിയിട്ടില്ല.

    -തീരുമാനം നമ്പർ 2/18/28.06.18-തെരുവുവിളക്കുകൾ പ്രവർത്തനരഹിതമായത് റിപ്പയർ ചെയ്യാൻ തീരുമാനമെടുത്തു.ചെയ്തുകാണുന്നില്ല.

    -തീരുമാനം നമ്പർ-15/18/31..08.18-സീതാമൌണ്ട് അങ്കണവാടിയുടെ വൈദ്യുതീകരണം നടത്തിയതിനാൽ സി.ഡി.അടച്ച് കറണ്ട് ലഭ്യമാക്കാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തിയെങ്കിലും നടപ്പാക്കിയിട്ടില്ല.

15. ഗ്രാമപഞ്ചായത്ത് തൻവർഷം ഇ - ടെണ്ടർ നടപടി മുഖാന്തിരം നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില ഗ്രാമപഞ്ചായത്തിൽ ലഭിച്ചതായി കാണുന്നില്ല.

ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായ ചുമതലകൾ നടപ്പാക്കാൻ ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

## 1-12 രസീതുകളിലെ തുകകൾ തിരുത്തി-

# രസീതുകൾ റദ്ദ് ചെയ്ത് സൂക്ഷിക്കുന്നില്ല..

2011- ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ ചട്ടം 11(4) പ്രകാരം രസീതുകളിലെ തുകകളിൽ തിരുത്തലുകളോ മാറ്റങ്ങളോ വരുത്താൻ പാടില്ല. തെറ്റുകൾ സംഭവിച്ചാൽ അത്തരം രസീതുകൾ റദ്ദ് ചെയ്ത് സൂക്ഷിക്കേണ്ടതാണ്.

എന്നാൽ പഞ്ചായത്ത് വിവിധ നിർവ്വഹണോദ്യോഗസ്ഥർക്ക് വിതരണം ചെയ്ത് ഉപയോഗിച്ചതും, പഞ്ചായത്തിൽ ഉപയോഗിച്ചതുമായ രസീതുകളിൽ തിരുത്തലുകൾ വന്നിട്ടുണ്ട്. മേൽ രസീതുകൾ റദ്ദ് ചെയ്ത് സൂക്ഷിച്ചിട്ടില്ല. ഏതാനും ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നം. | രശീത് നം./ രശീത് ബുക്ക് നം. | തീയ്യതി | രസീത് ബുക്ക് ഉപയോഗിച്ച ഉദ്യോഗസ്ഥൻ | ഗുണഭോക്തൃ വിഹിതം നൽകിയ ആളുടെ പേര് | തുക |
|---|---|---|---|---|---|
| 1 | 29/17647 | 06.03.2019 | വെറ്ററിനറി സർജ്ജൻ | ശ്രീ. സുനിൽ പള്ളത്ത്പാറ | 643 |
| 1 | 15/17621 | 10.12.2018 | ശ്രീ സജി ടി.വി, കളക്ഷൻ ക്ലാർക്ക് | ശ്രീ. വിൽസൺ, കുന്നുംപുറത്ത് | 569 |
| 2 | 16/17636 | 21.01.2019 | ശ്രീമതി ലിന സഖറിയ, കളക്ഷൻ ക്ലാർക്ക് | ശ്രീ. സജീവൻ,, മേമുട്ടത്ത് | 110 |
| 3 | 15/17627 | 07.12.2018 | ശ്രീ അനിൽ ജോസ് ഡൊമനിക്,കളക്ഷൻ ക്ലാർക്ക് | ശ്രീ. തോമസ് കുന്നുംപുറത്ത് | 402 |

രസീതുകളിലെ തുകകളിൽ തിരുത്തലുകളോ മാറ്റങ്ങളോ വന്നാൽ അത്തരം രസീതുകൾ റദ്ദ് ചെയ്ത് സൂക്ഷിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

# 1-13 നിർവ്വഹണോദ്യോഗസ്ഥൻ പ്രതിദിന കളക്ഷൻ തുക പഞ്ചായത്തിൽ വൈകി

ഒടുക്കുന്നു.

വെറ്ററിനറി സർജ്ജൻ വിവിധ ഇനങ്ങളിലായി പിരിച്ചെടുക്കുന്ന തുകകൾ അതാത് ദിവസം തന്നെയോ തൊട്ടടുത്ത ദിവസമോ ഗ്രാമപഞ്ചായത്തിൽ ഒടുക്കാതെ ഏതാനും ദിവസങ്ങൾക്ക് ശേഷമാണ് പഞ്ചായത്തിൽ ഒടുക്കുന്നത്. ഏതാനും ഉദാഹരണം ചുവടെ ചേർക്കുന്നു.

1. 26.11.2018 ലെ ആകെ കളക്ഷൻ (രസീതി ബുക്ക് നം. 17625 ലെ രസീതി നം. 1 മുതൽ 6 വരെയുള്ളത്) 6,720/- രൂപ ഫ്രണ്ട് ഓഫീസിൽ ഒടുക്കുന്നത് 30.11.2018 നാണ്.

2. 03.01.2019 , 04.01.2019, 07.01.2019 എന്നീ തീയ്യതികളിലെ ആകെ പിരിവ് തുകയായ 1,40,895/- രൂപ (രസീത് ബുക്ക് നം. 17625/ 15 -100 വരെയും, 17633/1-59 വരെയും) ഫ്രണ്ട് ഓഫീസിൽ ഒടുക്കുന്നത് 11.01.2019 ന് മാത്രമാണ്. കൂടാതെ 03.01.2019, 04.01.2019 എന്നീ തീയ്യതികൾ യഥാക്രമം 07.01.2019, 11.01.2019 എന്നാക്കിതിരുത്തിയിട്ടുണ്ട്.

മേൽ അപാകതകൾ വിശദീകരിക്കേണ്ടതാണ്. കൂടാതെ വിവിധ ഇനങ്ങളിലായി പിരിച്ചെടുക്കുന്ന തുകകൾ അതാത് ദിവസം തന്നെയോ തൊട്ടടുത്ത ദിവസമോ പഞ്ചായത്തിൽ ഒടുക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

# 1-14 കെട്ടിടത്തിന്റെ മുഴുവൻ വിസ്തീർണ്ണത്തിനും പെർമിറ്റ് ഫീസ് കണക്കാക്കിയിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് കെട്ടിടനിർമ്മാണ ചട്ടങ്ങൾ ,ചട്ടം 11(3), പട്ടിക II ,നോട്ട് (1) പ്രകാരം ഒരു കെട്ടിടത്തോട് അനുബന്ധിച്ച് വരുന്ന കാർഷെഡ്, ടോയ് ലെറ്റ് മുതലായവയുടെ വിസ്തീർണ്ണം പ്രധാന കെട്ടിടത്തിന്റെ വിസ്തീർണ്ണത്തോട് ചേർത്ത് വേണം പെർമിറ്റ് ഫീസ് നിർണ്ണയിക്കാൻ. എന്നാൽ ഇത് പ്രകാരമല്ല പഞ്ചായത്തിലെ കെട്ടിടങ്ങൾക്ക് പെർമിറ്റ് ഫീസ് കണക്കാക്കിയിരിക്കുന്നത്.ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | അപേക്ഷ കന്റെ പേര് | പെർമിറ്റ് ഫീ കണക്കാക്കിയ പ്ലിന്ത് ഏരിയ(ച.മീ) | പെർമിറ്റ് ഫീ(രൂപ) | പ്ലാൻ പ്രകാരമുള്ള പ്ലിന്ത് ഏരിയ (ച.മീ) | പെർ മിറ്റ് ഫീ (രൂപ) | വ്യത്യാസം (രൂപ) |
|---|---|---|---|---|---|---|
| 1 | ജോസഫ് എന്ന | 115 | 345 | 128(115+ 13 car | 384 | 39 |

| | | | | | | |
|---|---|---|---|---|---|---|
| | ബെന്നി , ചാലയിൽ | | | porch) | | |
| 2 | ജോർജ്ജ് കെ.വി, കളപ്പുരക്കൽ | 197 | 591 | 216(197+19) | 648 | 57 |
| 3 | തോമസ്, വിലങ്ങുപാറയിൽ | 191 | 573 | 206(191+15) | 618 | 45 |
| 4 | ജോബി ജോൺ, കുഴിഞ്ഞാലിൽ | 239 | 717 | 261(239+22) | 783 | 66 |
| 5 | ജെനി മേരി ചെറിയാൻ, കൊല്ലറാത്ത് | 185.21 | 555.63 | 200.03(185.21+14.82) | 600.09 | 44.46 |

കെട്ടിടത്തോട് അനുബന്ധിച്ച് വരുന്ന കാർഷെഡ്, ടോയ് ലെറ്റ് മുതലായവയുടെ വിസ്തീർണ്ണം പ്രധാന കെട്ടിടത്തിന്റെ വിസ്തീർണ്ണത്തോട് ചേർത്ത് പെർമിറ്റ് ഫീസ് നിർണ്ണയിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-15 കുഴൽകിണർ നിർമ്മാണത്തിന് തുക ഡെപ്പോസിറ്റ് ചെയ്തു- പൂർത്തീകരിച്ചില്ല.

അസിസ്റ്റൻറ് സെക്രട്ടറി, ഗ്രാമപഞ്ചായത്ത് താഴെ പറയുന്ന കുഴൽകിണർ നിർമ്മാണപ്രവർത്തികൾക്കായി ഭൂജലവകുപ്പ് ജില്ലാ ഓഫീസർക്ക് തുകനൽകിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം, പേര് | ബിൽ നം., തീയതി | ചെലവ് തുക |
|---|---|---|---|
| 1 | 143/19 (TSP)<br>പാളക്കൊല്ലി നാമട്ടം കോളനി | 23/18-19/20.12.18 | 67600 |
| 2 | 133/18-19 (TSP)<br>എ.പി.ജെ നഗർ കോളനി | 24/18-19/20.12.18 | 61900 |
| | | ആകെ | 129500 |

മേൽ പ്രവർത്തികളുടെ പൂർത്തീകരണവിവരങ്ങൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി.നം. 4 /18-19തീയതി 28.12.19പ്രകാരം വിവരങ്ങൾ ശ്രദ്ധയിൽപ്പെടുത്തിയതിന് നൽകിയ മറുപടിയിൽ വിവരങ്ങൾ ആവശ്യപ്പെട്ട് ഭൂജലവകുപ്പിന് കത്ത് നൽകിയിട്ടുണ്ട് എന്നും വിവരങ്ങൾ ലഭ്യമായാലുടൻ

അറിയിക്കുന്നതാണ് എന്നും അറിയിച്ചു.തുടർനടപടികൾ അറിയിക്കേണ്ടതാണ്. 1,29,500/- രൂപയുടെ ചെലവ് താത്കാലികമായി തടസ്സപ്പെടുത്തുന്നു.

## 1-16 അങ്കണവാടികൾക്ക് കുടിവെള്ളം - കരാറിൽ ഏർപ്പെടുന്നതിന് മുമ്പേ നിർവ്വഹണ ഏജൻസിക്ക് തുക കൈമാറി - പദ്ധതി നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തിലെ 10 അങ്കണവാടികൾക്ക് കുടിവെള്ളം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ താഴെപ്പറയുന്ന പ്രോജക്ട് പ്രകാരം കേരള വാട്ടർ അതോറിറ്റിയിൽ തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്.

പ്രോജക്ട് നം - 146/19

പ്രോജക്ടിന്റെ പേര് - അങ്കണവാടികൾക്ക് വാട്ടർ അതോറിറ്റി കുടിവെള്ള കണക്ഷനുകൾ

അടങ്കൽ - ധനകാര്യ കമ്മീഷൻ ഗ്രാന്റ് - 550000

ബിൽ നം. SCT – 4468/18 തീയതി 21.11.18 തുക 550000
നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

10 അങ്കണവാടികൾക്കും 6 മാസത്തിനകം കുടിവെള്ള കണക്ഷനുകൾ ലഭ്യമാക്കുന്നതിനായി കേരള വാട്ടർ അതോറിറ്റിയുമായി കരാർ നം 34/18 തീയതി 19.6.19 പ്രകാരം കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. മേൽ ട്രഷറി ബിൽ പ്രകാരം തുക നൽകി 7 മാസത്തിന് ശേഷമാണ് പദ്ധതി നടപ്പാക്കുന്നതിനായി കരാറിൽ ഏർപ്പെട്ടത്. 6 മാസത്തിനകം പൂർത്തിയാക്കേണ്ട പദ്ധതി കരാർ പ്രകാരം 18.12.19 ന് മുമ്പായി പൂർത്തീകരിക്കേണ്ടതായിരുന്നു. തുക നൽകി 13 മാസം പിന്നിട്ടിട്ടും കരാർ കാലാവധി പൂർത്തീകരിച്ചിട്ടും അങ്കണവാടികൾക്ക് ഏറ്റവും അത്യാവശ്യമായ കുടിവെള്ള കണക്ഷനുകൾ ഓഡിറ്റ് തീയതി വരെ ലഭ്യമായിട്ടില്ല. വിനിയോഗ സാക്ഷപത്രം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് 1.10.2019 ന് സെക്രട്ടറി, കേരള വാട്ടർ അതോറിറ്റി അസി.എക്സി.എഞ്ചിനീയർക്ക് കത്ത് നൽകിയതല്ലാതെ കണക്ഷനുകൾ ലഭ്യമാക്കാനുള്ള മറ്റ് നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. കരാറുടമ്പടിയിൽ ഏർപ്പെടാതെ തുക അനുവദിച്ചത് തെറ്റായ നടപടിയാണ്. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 23തീയതി 06/01/2020 ന് ലഭ്യമാക്കിയ മറുപടിയിൽ പദ്ധതി അടിയന്തരമായി പൂർത്തിയാക്കുന്നുള്ള നടപടി

സ്വീകരിക്കുന്നതായി അറിയിച്ചിട്ടുണ്ട്. വീഴ്ചകൾക്ക് വിശദീകരണം നൽകേണ്ടതും പുരോഗതി വിവരം അറിയിക്കേണ്ടതുമാണ്. ചെലവഴിച്ച 5,50,000/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-17 പൈപ്പ് ലൈൻഎക്സ്റ്റൻഷൻ പ്രവൃത്തികൾ പൂർത്തീകരിച്ചില്ല.

അസിസ്റ്റൻറ് സെക്രട്ടറി,സെക്രട്ടറി എന്നീ നിർവഹണോദ്യോഗസ്ഥർ താഴെ പറയുന്ന വിവിധ കുടിവെള്ള പദ്ധതി-പൈപ്പ് ലൈൻ എക്സ്റ്റൻഷൻ പ്രവർത്തികൾക്കായി കേരള വാട്ടർ അതോറിറ്റി, ബത്തേരി ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് തുക നൽകിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

എ.അസി.സെക്രട്ടറി നിർവഹണം നടത്തിയ പദ്ധതികൾ.

| ക്രമ നം. | പ്രോജക്ട് നം, പേര് | ബിൽ നം., തീയതി | ചെലവ് തുക | കരാർ പ്രകാരം കേരള വാട്ടർ അതോറിറ്റി പ്രവർത്തിപൂർത്തീകരിക്കേണ്ട തീയതി |
|---|---|---|---|---|
| 1 | 99/19 (TSP) കാപ്പിപ്പാടി കോളനി പൈപ്പ് ലൈൻ നീട്ടൽ | 4/18-19/15.09.18 | 150000 | 15.07.19 |
| 2 | 260/18-19 (TSP) തൊണ്ടനോടി കോളനി പൈപ്പ് ലൈൻ നീട്ടൽ | 1/18-19/31.07.18 | 190000 | 10.08.19 |
| 3 | 103/18-19 (TSP) ഉദയക്കര കോളനി പൈപ്പ് ലൈൻ നീട്ടൽ | 8/18-19/12.09.18 | 180000 | 10.08.19 |
| 4 | 261/18-19 (TSP) ബസവൻമൂല കോളനി പൈപ്പ് ലൈൻ നീട്ടൽ | 20/18-19/20.12.18 | 190000 | 26.08.19 |
| 5 | 97/19 (TSP) കാപ്പിസെറ്റ് മുതലിമാരൻ കോളനി പൈപ്പ് ലൈൻ നീട്ടൽ | 05/18-19/12.09.18 | 100000 | 10.02.19 |

| | | | | |
|---|---|---|---|---|
| | | ആകെ | 810000 | |

ഓഡിറ്റ് എൻക്വയറി.നം. 8 /18-19തീയതി 03.01.20 പ്രകാരം വിവരം ശ്രദ്ധയിൽപ്പെടുത്തിയതിന് നൽകിയ മറുപടിയിൽ വിനിയോഗ സാക്ഷ്യപത്രവും ഭൗതിക നേട്ട റിപ്പോർട്ടും ഹാജരാക്കുന്നതാണ് എന്നറിയിയിച്ചിട്ടുണ്ട്. തുടർനടപടികൾ അറിയിക്കേണ്ടതാണ്. ചെലവഴിച്ച 8,10,000/- രൂപ തടസ്സപ്പെടുത്തുന്നു.

ബി.സെക്രട്ടറി നടപ്പാക്കിയ പദ്ധതികൾ

| ക്രമ നം | പ്രോജക്റ്റ് നം | പദ്ധതിയുടെ പേര് | വകയിരുത്തിയതും നൽകിയതുമായ തുക | ബിൽ നം തീയതി | കരാർ നം | വിനിയോഗ സാക്ഷ്യ പത്രം ലഭിച്ചിട്ടുണ്ടോ / ഇല്ലയോ | തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | 17/19 | മരക്കടവ്-തോണിക്കടവ്-ഡിപ്പോ കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 250000 | SCI-2767/18 dt 26/7/18 | 13/18-19 തീ. 11/02/19 | ഉണ്ട് | 40351 |
| | 18/19 | പാടിച്ചിറ-ലൂർദ്ദ്കുന്ന്-പള്ളിയാലിക്കവല കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 250000 | SCI-2769/18 dt 26/7/18 | 14/18-19 തീ. 11/02/19 | ഉണ്ട് | 16117 |
| | 19/19 | പ്രഭാത് കവല - വണ്ടിക്കടവ് കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 250000 | SCI-2770/18 dt 26/7/18 | 15/18-19 തീ. 11/02/19 | ഉണ്ട് | 20322 |
| | 20/19 | വെല്ലൂരാൻ കുന്ന് കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 250000 | SCI-2771/18 dt 2/8/18 | 16/18-19 തീ. 11/02/19 | ഉണ്ട് | 46964 |
| | 21/19 | ചെമ്പാനിക്കൽ കവല-പുണ്യാളൻകുന്ന് കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 250000 | SCI-2772/18 dt 26/7/18 | 17/18-19 തീ. 11/02/19 | ഉണ്ട് | 21630 |
| | 22/19 | നെല്ലാംകുന്നേൽകവല-പ്രഭാകരൻ കവല കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 250000 | SCI-2773/18 dt 26/7/18 | 18/18-19 തീ. 11/02/19 | ഇല്ല | |
| | 23/19 | വല്ലത്ത് കവല – പഞ്ഞിമുക്ക് കുടിവെള്ള | 250000 | SCI-2774/18 | 19/18-19 തീ. | ഇല്ല | |

| | | | | | | | |
|---|---|---|---|---|---|---|---|
| | | പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | | dt 26/7/18 | 11/02/19 | | |
| | 24/19 | തേക്കനാം കുന്നേൽ കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 250000 | SCI-2775/18 dt 2/8/18 | 20/18-19 തീ. 11/02/19 | ഇല്ല | |
| | 25/19 | ഇന്ദിരാനഗർ - മഞ്ഞാടി കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 250000 | SCI-2776/18 dt 26/7/18 | 21/18-19 തീ. 11/02/19 | ഉണ്ട് | 33449 |
| | 26/19 | വെട്ടകല്ലംപുറം - മങ്ങാട്ടക്കുന്ന് കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 250000 | SCI-2777/18 dt 21/11/18 | 30/18-19 തീ. 27/02/19 | ഇല്ല | |
| | 27/19 | വെള്ളക്കട കവല കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 250000 | SCI-2779/18 dt 21/11/18 | 29/18-19 തീ. 27/02/19 | ഇല്ല | |
| | 28/19 | മണ്ണാവേലിക്കവല – പൂക്കമ്പേൽ കവല കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 500000 | SCI-2780/18 dt 26/7/18 | 22/18-19 തീ. 11/02/19 | ഇല്ല | |
| | 29/19 | കൊളവള്ളി കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 250000 | SCI-2782/18 dt 21/11/18 | 28/18-19 തീ. 27/02/19 | ഉണ്ട് | 14462 |
| | 30/19 | ഗോവിന്ദൻകുന്ന് കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 250000 | SCI-2783/18 dt 21/11/18 | 27/18-19 തീ. 27/02/19 | ഇല്ല | |
| | 31/19 | സീതാമൗണ്ട് പള്ളിക്കുന്ന് കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 250000 | SCI-2784/18 dt 21/11/18 | 26/18-19 തീ. 27/02/19 | ഇല്ല | |
| | 32/19 | സേവ്യംകൊല്ലി കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 100000 | SCI-2780/18 dt 26/7/18 | 23/18-19 തീ. 11/02/19 | ഇല്ല | |

| | | | | | | | |
|---|---|---|---|---|---|---|---|
| | 33/19 | കുന്നത്ത് കവല – വെങ്ങത്താനം കവല കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 150000 | SCI-2788/18 dt 21/11/18 | 33/18-19 തീ. 27/02/19 | ഇല്ല | |
| | 34/19 | ടോം തോമസ് മെമ്മോറിയൽ കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 250000 | SCI-2774/18 dt 21/11/18 | 32/18-19 തീ. 27/02/19 | ഇല്ല | |
| | | ആകെ | 4500000 | | | | |

മേൽപദ്ധതികളിൽ തുക കേരള വാട്ടർ അതോറിറ്റിയിൽ ഒടുക്കി മാസങ്ങൾ കഴിഞ്ഞാണ് ഗ്രാമപഞ്ചായത്ത് കരാറിൽ ഏർപ്പെടുന്നത്. ഇത് സമയബന്ധിതമായി പ്രവൃത്തി പൂർത്തിയാക്കുന്നതിന് വിഘാതമാകുന്നു. കരാറിൽ ഏർപ്പെടാതെ തുക നൽകുന്നത് ക്രമവിരുദ്ധമാണ്. കരാറിൽ എർപ്പെട്ട് 6 മാസത്തിനകം പൂർത്തീകരിക്കേണ്ട പ്രവൃത്തികളായിട്ടും നാളിതുവരെ പൂർത്തിയാക്കിയിട്ടില്ല. സമയബന്ധിതമായി പൂർത്തിയാക്കാൻ വീഴ്ച വരുത്തിയാൽ എടുക്കുന്ന നടപടി സംബന്ധിച്ച് കരാരിൽ വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടില്ല. മുൻകൂർ പണം നൽകിയിട്ടും പ്രവൃത്തി പൂർത്തീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 15തീയതി 04/01/2019 ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്. 45,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. തിരികെ ലഭിക്കാനുള്ള തുക ലഭ്യമാക്കി ആയത് സർക്കാരിലേക്ക് ഒടുക്കിയതിന്റെയും വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

# 1-18 നിർവഹണോദ്യോഗസ്ഥരുടെ പേരിലുള്ള ബാങ്ക് അക്കൌണ്ടിലെ തുകകൾ സംബന്ധിച്ച വിവരങ്ങൾ ഹാജരാക്കാത്തത്.

ഗ്രാമപഞ്ചായത്തിന്റെ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരിൽ ബാങ്ക്/ ട്രഷറി അക്കൗണ്ട് സൂക്ഷിച്ച് വരുന്നുണ്ട്. പ്രസ്തുത അക്കൗണ്ടുകൾ ഗ്രാമപഞ്ചായത്തിന്റെ സാംഖ്യ അക്കൌണ്ടിംഗ് സിസ്റ്റത്തിൽ ഉൾപ്പെടാത്തതാണ്. ആയതിനാൽ ഇതിലെ നീക്കിയിരിപ്പുകൾ ഗ്രാമപഞ്ചായത്തിന്റെ വാർഷിക കണക്കുകളിൽ പ്രതിഫലിക്കുന്നില്ല. ക്യാഷ് ബുക്ക് കൃത്യമായി എഴുതി സൂക്ഷിക്കാത്തതിനാലും ബാങ്ക് റിക്കൺസിലിയേഷൻ നടത്താത്തതിനാലും ഈ അക്കൗണ്ടുകളിലെ നീക്കിയിരിപ്പിന്റെ കൃത്യത ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല.

അക്കൗണ്ടുകളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥൻ | അക്കൗണ്ടിന്റെ വിവരങ്ങൾ | 31.03.2019 - ലെ നീക്കിയിരിപ്പ് |
|---|---|---|---|
| 1 | അസി. എഞ്ചിനീയർ | A/C No. 0355101022069, കനറാ ബാങ്കിന്റെ പുൽപ്പള്ളി ശാഖ | ₹202761/ |
| 2 | വെറ്ററിനറി സർജൻ | A/C No. 0355101008191, കനറാ ബാങ്കിന്റെ പുൽപ്പള്ളി ശാഖ | ₹37515/- |

12.04.2007ലെ ജി.ഒ.(പി)നം.177/2006/ധനം ഉത്തരവ് പ്രകാരം നോൺബാങ്കിംഗ് ട്രഷറി മുഖേന പണമിടപാടുകൾ നടത്തുന്ന തദ്ദേശ ഭരണസ്ഥാപനങ്ങളിലെ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരിൽ (ഡിമാണ്ട് ഡ്രാഫ്റ്റ് നൽകുക എന്ന ആവശ്യത്തിനു മാത്രമായി) ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിനാണ് അനുമതി നൽകിയിട്ടുള്ളത്. ഒരോ മാസത്തിന്റെയും അവസാനം ഇപ്രകാരം ആരംഭിച്ച അക്കൗണ്ടിൽ ബാക്കി നിൽക്കുന്ന തുക ചലാൻ മുഖേന ട്രഷറിയിൽ തിരിച്ചടക്കേണ്ടതാണ്. ഈ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യുന്ന തുകകളുടെ വിവരം അനെക്സർ ബി - V ലുള്ള രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്. നിർവ്വഹണ ഉദ്യോഗസ്ഥർ മേൽ പറഞ്ഞ നടപടികൾ സ്വീകരിച്ചിട്ടില്ല.

ബാങ്കിംഗ് ട്രഷറി മുഖേനയാണ് പണമിടപാടുകൾ നടത്തുന്നത് എന്നതിനാൽ മേൽ പറഞ്ഞ് ബാങ്ക് അക്കൗണ്ടുകൾ എന്ത് ആവശ്യത്തിന് വേണ്ടി സൂക്ഷിക്കുന്നതാണെന്നും ആരുടെ നിർദ്ദേശ പ്രകാരം ആരംഭിച്ചിട്ടുള്ളതാണെന്നും ഈ അക്കൗണ്ടിലെ തുകകളുടെ ഇടപാടുകൾ സംബന്ധിച്ച വിവരങ്ങളും ഓഡിറ്റിന് ലഭ്യമാക്കുന്നതിന് .ഓഡിറ്റ് എൻക്വയറി.നം. 6 /18-19തീയതി 03.01.20 പ്രകാരം ആവശ്യപ്പെട്ടെങ്കിലും വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-19 എസ്.എസ്.എ വിഹിതം നൽകൽ - സ്കീം വിനിയോഗ സാക്ഷ്യപത്രം കൃത്യമായി പരിശോധിക്കാതെയും പദ്ധതി മോണിറ്റർ ചെയ്യാതെയും തുക നൽകുന്നു

ഗ്രാമപഞ്ചായത്തിലെ ഉത്തരവാദത്തിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും ഭൗതീക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും മറ്റ് വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്കുമായി എസ്.എസ്.എ യ്ക്ക് നൽകുന്നതിനായി താഴെപ്പറയുന്ന പ്രകാരം പ്രോജക്റ്റുകൾ തയ്യാറാക്കുകയും തുക ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

| ക്രമ നം | പ്രോജക്റ്റ് നം | പ്രോജക്റ്റിന്റെ പേര് | അടങ്കൽ ഫണ്ടിനം - വികസന ഫണ്ട് | വകയിരുത്തിയ തുക | നൽകിയ തുക | ബിൽ നം തീയതി |
|---|---|---|---|---|---|---|
| 1 | 1/19 | എസ്.എസ്.എ വിഹിതം നൽകൽ | പൊതുവിഭാഗം | 500000 | 500000 | A2.2379/18 dt.24.5.18 |
| 2 | 285/19 | എസ്.എസ്.എ വിഹിതം നൽകൽ | എസ്.സി.പി | 82325 | 82301 | SCI-1035/19 dt27.2.19 |
| 3 | 286/19 | എസ്.എസ്.എ വിഹിതം നൽകൽ | ടി.എസ്.പി | 228000 | 227828 | SCI-1036/19 dt27.2.19 |
| | | ആകെ | | | 810129 | |

എസ്.എസ്.എ നൽകിയ സ്കീം പ്രകാരം 4760156 രൂപയുടെ അടങ്കൽ തയ്യാറാക്കുകയും തദ്ദേശ സ്ഥാപന വിഹിതമായി 1904062 രൂപ ആവശ്യപ്പെടുകയും ചെയ്തു. പദ്ധതിയുടെ വിനിയോഗ സാക്ഷ്യപത്രം പ്രകാരം 2744881 രൂപയുടെ നേട്ടമാണ് ഉണ്ടായിട്ടുള്ളത്. ആയതിനുള്ള ചെലവിലേക്ക് ഗ്രാമപഞ്ചായത്ത് നൽകിയ തുക ഉപയോഗിച്ചതായും രേഖപ്പെടുത്തിയിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രത്തോടൊപ്പം ഹാജരാക്കിയ സ്റ്റേറ്റ്മെന്റ് പ്രകാരം പല ഇനങ്ങളിലും യാതൊരു ചെലവും നടത്താതെ ഗ്രാമപഞ്ചായത്ത് വിഹിതം ചെലവഴിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഒരോ ഇനം ചെലവിന്റെയും 40% മാത്രമാണ് ഗ്രാമപഞ്ചായത്ത്

ബാധ്യത എന്നിരിക്കെ പ്രസ്തുത ഇനങ്ങളിലെ ആകെ ചെലവിനേക്കാൾ തുക തദ്ദേശ സ്ഥാപന വിഹിതമായി ചെലവഴിച്ചതായി രേഖപ്പെടുത്തിയതിൻെറ സാംഗത്യം വ്യക്തമല്ല. ചില ഉദാഹരണങ്ങൾ ചേർക്കുന്നു.

| ക്രമ നം | സ്കീം പൂർത്തീകരണ റിപ്പോർട്ട് ക്രമ നം | ആകെ ചെലവഴിച്ച തുക | തദ്ദേശ വിഹിതമായി നൽകേണ്ട തുക | തദ്ദേശ സ്ഥാപന വിഹിതമായി ചെലവ് രേഖപ്പെടുത്തിയ തുക |
|---|---|---|---|---|
| 1 | 10 | 3550 | 1420 | 15651 |
| 2 | 11 | 13408 | 5363 | 48655 |
| 3 | 14 | 2756 | 1102 | 5862 |
| 4 | 30 | ഇല്ല | 0 | 102113 |

മേൽ വിനിയോഗ സാക്ഷ്യപത്രത്തിലെ അപാകങ്ങൾ സംബന്ധിച്ച ഗ്രാമപഞ്ചായത്ത് നാളിതുവരെ എസ്.എസ്.എ യെ അറിയിച്ചിട്ടില്ല.തദ്ദേശ സ്ഥാപനത്തിൽ എസ്.എസ്.എ നടത്തുന്ന പ്രവർത്തനങ്ങളെ സംബന്ധിച്ച യാതൊരു പരിശോധനയും ഗ്രാമപഞ്ചായത്ത് നടത്തുന്നില്ല എന്ന് ഇതിൽ നിന്നും വ്യക്തമാണ്. എസ്.എസ്.എ നടപ്പാക്കിയ പദ്ധതികൾ സംബന്ധിച്ച് വിശദമായ പരിശോധന നടത്തി , അധിക തുക നൽകിയത് തിരികെ ഈടാക്കേണ്ടതാണ്. വിഴ്ചകൾ സംബന്ധിച്ച് മറുപടി ലഭ്യാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി നം 21തീയതി 06/01/2020 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

# 1-20 സമഗ്ര വരൾച്ചാ നിവാരണ പദ്ധതി വിഹിതം - ചെലവഴിക്കാത്ത തുക ചെലവായി രേഖപ്പെടുത്തി

സമഗ്ര വരൾച്ചാ നിവാരണ പദ്ധതി വിഹിതം നൽകൽ പ്രോജക്ട് തയ്യാറാക്കുകയും 2,00,000/- രൂപ (പദ്ധതി ചെലവ് പത്രിക പ്രകാരം) ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. മണ്ണ് സംരക്ഷണ വകുപ്പ് മുഖേന തയ്യാറാക്കി നടപ്പാക്കുന്ന പ്രോജക്ടുകൾക്ക് വേണ്ടിയാണ് തുക ചെലവഴിക്കുന്നത്. പ്രോജക്ട് സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു

പ്രോജക്ട് നം - 179/19

പ്രോജക്ടിന്റെ പേര് - സമഗ്ര വരൾച്ചാ നിവാരണ പദ്ധതി വിഹിതം നൽകൽ

അടങ്കൽ - തനത് ഫണ്ട് - 15,00,000/- രൂപ

ചെക്ക് നം .1800221 തീയതി 28.3.2019 തുക 2,00,000/- രൂപ
നിർവ്വഹണ ഉദ്യോഗസ്ഥൻ – കൃഷി ഓഫീസർ

മണ്ണ് സംരക്ഷണ വകുപ്പ് തയ്യാറാക്കിയ പ്രോജക്ടുകൾ താഴെപ്പറയുന്നു

| ക്രമനമ്പർ | പദ്ധതി | വകയിരുത്തിയ തുക |
|---|---|---|
| 1 | 6000 ഹെക്ടർ സ്ഥലത്ത് പ്രാദേശികമായ മരം ഇനങ്ങൾ വളർത്തൽ (ചെടിയൊന്നിന് 25 രൂപ നിരക്കിൽ | 200000 |
| 2 | മരങ്ങളുടെ പരിപാലനം ( ചെടിയൊന്നിന് 10 രൂപ നിരക്കിൽ പ്രതിവർഷം) | 400000 |
| 3 | കിണർ റീ ചാർജ്ജിംഗ് ( തുറന്ന കിണർ/കുഴൽ കിണർ) ഒരു യൂണിറ്റിന് 10000 രൂപ | 400000 |
| 4 | തീറ്റപ്പുൽ വളർത്തൽ | 500000 |
| | ആകെ | 1500000 |

പദ്ധതിക്കായി തുക ചെലവഴിക്കുന്നത് സംബന്ധിച്ച് കൃഷി ഓഫീസർ ഒന്നാം കക്ഷിയായും ജില്ലാ മണ്ണ് സംരക്ഷണ ഓഫീസർ രണ്ടാം കക്ഷിയായും 6/3/2019 തീയതിയിൽ കരാർ ഉടമ്പടി ഏർപ്പെടുകയും ചെയ്തു. മേൽ ചെക്ക് സെക്രട്ടറി കൃഷി ഓഫീസർക്ക് നൽകുകയും തൻവർഷത്തെ ചെലവായി പദ്ധതി ചെലവിൽ ഉൾപ്പെടുത്തുകയും ചെയ്തു.

ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ പ്രസ്തുത ചെക്ക് പ്രകാരം തുക പിൻവലിക്കുകയോ ചെലവഴിക്കുകയോ ചെയ്തിട്ടില്ല. ചെക്ക് ഫയലിൽ സൂക്ഷിച്ചിരിക്കുകയാണ്. തൻവർഷം പ്രവൃത്തി നടത്തിയി ഗുണഭോക്തൃ ലിസ്റ്റ് ലഭ്യമല്ലാത്തതിനാലും സർക്കുലർ നം 8/2018 ഫിൻ തീയതി 31.01.2018 പ്രകാരം എൻഡ് ബെനഫിഷ്യറിയുടെ അക്കൗണ്ടിലേക്ക് മാത്രമേ നൽകാനാവൂ എന്നതിനാലും തുക ചെലവഴിച്ചിട്ടില്ല. ഈ പ്രവൃത്തിയിലൂടെ പദ്ധതി ലക്ഷ്യം കാണാതിരിക്കുകയും ചെയ്യാത്ത ചെലവ് , പദ്ധതി രേഖ പ്രകാരം ചെലവായി രേഖപ്പെടുത്തുകയും ചെയ്തു. ഇത് വിശദീകരിക്കേണ്ടതാണ്. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി

നം. 5 തീയതി 03.01.2020 ക്ക് നൽകിയ മറുപടിയിൽ , നിർവ്വഹണ ഉദ്യോഗസ്ഥനായ ജില്ലാ മണ്ണ് സംരക്ഷണ ഓഫീസർ ആവശ്യമായ ഗുണഭോക്താക്കളുടെ വിവരം നൽകാത്തതിനാലാണ് തുക ചെലവഴിക്കാൻ സാധിക്കാത്തത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഗുണഭോക്താക്കളുടെ വിവരങ്ങൾ ഇല്ലാതെ സെക്രട്ടറിയിൽ നിന്നും ചെക്ക് വാങ്ങിയതും ചെലവഴിക്കാത്ത തുക ചെലവായി പദ്ധതി ചെലവ് പത്രികയിൽ രേഖപ്പെടുത്തിയതും സർക്കാരിന് തെറ്റായ വിവരങ്ങൾ നൽകുന്നതിന് കാരണമായി. ഇത്തരം നടപടിയിലൂടെ മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്ത് പോലെയുള്ള വരൾച്ച നേരിടുന്ന സ്ഥലത്ത് വരൾച്ച നിവാരണത്തിനായി കിണർ റീചാർജ്ജ് പോലെയുള്ള പദ്ധതിക്കായി വകയിരുത്തിയ തുക നഷ്ടമായി. സെക്രട്ടറിയിൽ നിന്നും കൈപ്പറ്റിയ ചെക്ക് തിരികെ നൽകി അറിയിക്കേണ്ടതാണ്.

# 1-21 അടിസ്ഥാന സൗകര്യമൊരുക്കാതെ ഫ്രണ്ട് ഓഫീസ് ടോക്കൻ മെഷീൻ വാങ്ങി.

ഗ്രാമ പഞ്ചായത്തിലെത്തുന്ന ജനങ്ങൾക്ക് ലഭിക്കുന്ന സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും കൂടുതൽ സുതാര്യമാക്കുന്നതിനുമായി ഒരു ടോക്കൺ മെഷിൻ വാങ്ങുന്നതിനായി താഴെപ്പറയുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

പ്രോജക്ട് നം. 14/19

പ്രോജക്ടിന്റെ പേര് - ഗ്രാമപഞ്ചായത്ത് ഓഫീസിലേക്ക് ടോക്കൺ മെഷീൻ വാങ്ങൽ

അടങ്കൽ - വികസനഫണ്ട് - 30000

തുക പിൻവലിച്ചത് - ബിൽ നം. SC-I 2765/18 തീയതി 21.3.19 തുക 28950

ടോക്കൺ മെഷീൻ വിതരണം നടത്തുന്നതിനായി ക്വട്ടേഷൻ ക്ഷണിക്കുകയും ഏറ്റവും കുറഞ്ഞ തുക രേഖപ്പെടുത്തിയ ക്വട്ടേഷൻ ആയ കർമ്മി ഇൻഫോ സിസ്റ്റംസ് മാനന്തവാടി എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ അംഗീകരിക്കുകയും ചെയ്തു. ഇത് വിതരണം നടത്തുന്നതിനായി കരാർ നം 3/18-19 തീയതി 25.1.19 മുഖേന മേൽ സ്ഥാപനവുമായി കരാറിൽ ഏർപ്പെടുകയും ചെയ്തു. കരാർ പ്രകാരം മെഷീൻ വിതരണം നടത്തിയ തീയതി മുതൽ 1 വർഷം ഗ്യാരണ്ടി നൽകുകയും ചെയ്തു. ഓഡിറ്റിന് ഹാജരാക്കിയ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 5.3.19 ന് മെഷീൻ ലഭിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഹാജരാക്കിയ ടാക്സ് ഇൻവോയ്സ് തീയതി 09.03.2019 ആണ്. 2019 മാർച്ച് 5 ന് ടോക്കൺ മെഷീൻ ലഭിച്ചിട്ടും നാളിതുവരെ ഇത് ഫ്രണ്ട് ഓഫീസിൽ സ്ഥാപിച്ചിട്ടില്ല. ഓഡിറ്റ് സമയത്ത് മെഷീന്റെ ഗ്യാരണ്ടി കാലാവധി അവസാനിക്കാൻ രണ്ട് മാസത്തിൽ താഴെ മാത്രമാണുള്ളത്. മെഷീൻ സ്ഥാപിക്കാനുള്ള അടിസ്ഥാന സൗകര്യം നാളിതുവരെ ഒരുക്കിയിട്ടില്ല. അടിസ്ഥാന

സൗകര്യം ഒരുക്കാതെ ടോക്കൺ മെഷീൻ വാങ്ങിയതിനാൽ ആയത് ഉപയോഗിക്കാതെ തന്നെ ഗ്യാരണ്ടി നഷ്ടപ്പെടുന്ന സ്ഥിതി നില നിൽക്കുന്നു. വീഴ്ച സംബന്ധിച്ച് വിശദീകരിക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി നം 22തീയതി 06/01/2020 ക്ക് മറുപടിയിൽ ഓഡിറ്റിൽ ചൂണ്ടിക്കാണിച്ചതിനെ തുടർന്ന് ടോക്കൺ മെഷീൻ ഫ്രണ്ട് ഓഫീസിൽ സ്ഥാപിച്ചിട്ടുണ്ട് എന്നാണ്. മുൻ ഒരുക്കങ്ങൾ നടത്താതെ പർച്ചേസുകൾ നടത്തുന്നത് അഭിലഷണീയമല്ല. ഭാവിയിൽ വാങ്ങലുകൾ നടത്തുമ്പോൾ ശ്രദ്ധിക്കേണ്ടതാണ്.

# 1-22 അങ്കൺവാടി വൈദ്യുതീകരണം- വൈദ്യുതി കണക്ഷൻ ലഭ്യമാക്കാൻ നടപടികൾ സ്വീകരിച്ചിട്ടില്ല

അസിസ്റ്റൻറ് എഞ്ചിനീയർ അങ്കൺവാടികളുടെ വൈദ്യുതീകരണത്തിനായി തൻവർഷം തുകകൾ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ വൈദ്യുതീകരണം നടത്തിയ അങ്കണവാടികളിലൊന്നും തന്നെ വൈദ്യുതികണക്ഷൻ ലഭ്യമായിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം, പേര് | ബിൽ നം., തീയതി | ചെലവ് തുക |
|---|---|---|---|
| 1 | 249/19അങ്കണവാടി വൈദ്യുതീകരണം(ഭ്രതാനം കുന്ന്,കൊളവള്ളി,മരക്കടവ്) | 27/08.11.18 | 99970 |
| 2 | 123/19അങ്കണവാടി വൈദ്യുതീകരണം(17 അങ്കണവാടികൾ) | 65/26.03.19 | 555092 |
| | ആകെ | | 6,55,062 |

പദ്ധതി ഫയൽ പരിശോധിച്ചതിൽ ക്രമനമ്പർ 2 പ്രകാരം വൈദ്യുതീകരിച്ച അങ്കണവാടികളുടെ പേരുവിവരങ്ങൾ ചേർത്തിട്ടില്ല. അങ്കണവാടികളുടെ പേരു വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ് എന്ന് ഓഡിറ്റ് എൻക്വയറി നമ്പർ ഓഡിറ്റ് എൻക്വയറി നം. 10 /18-19 തീയതി 03.01.20 പ്രകാരം ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. വിവരങ്ങൾ ലഭ്യമാക്കാത്തതിനാൽ 6,55,062/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. അങ്കണവാടികളുടെ പേരുവിവരങ്ങളും ഇവയിൽ വൈദ്യുതി ലഭ്യമാക്കാൻ സ്വീകരിച്ച നടപടികളുടെ വിവരവും ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

# 1-23 അനുഗ്രഹ ഭവന പദ്ധതി -

# ഗുണഭോക്താക്കൾക്ക് വിതരണം നടത്താനായി ബാങ്ക് വായ്പയായി എടുത്ത തുക വിതരണം നടത്താതെ ബാങ്ക് അക്കൗണ്ടിൽ സൂക്ഷിച്ചു.

അനുഗ്രഹ ഭവന പദ്ധതി - ഗുണഭോക്താക്കൾക്ക് വിതരണം നടത്താനായി ബാങ്ക് വായ്പയായി എടുത്ത തുക വിതരണം നടത്താതെ ബാങ്ക് അക്കൗണ്ടിൽ സൂക്ഷിച്ചു.വിശദവിവരങ്ങൾക്ക് ഖണ്ഡിക 3-1 കാണുക.

# 1-24 പൊതുമരാമത്ത് പ്രവൃത്തിനടത്തിപ്പ് - പൊതു അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ പൊതുമരാമത്ത് പ്രവൃത്തികൾ സംബന്ധിച്ച് പൊതുവായ ന്യൂനതകൾ താഴെ പറയുന്നു.

1) ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.റോഡ് രജിസ്റ്റർ, കണക്കുവിറ്റി മാപ്പ് എന്നിവ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.ആസ്തിരജിസ്റ്ററിൽ ഉൾപ്പെട്ട പ്രവൃത്തികൾക്കല്ലാതെയാണ് തുക ചെലവഴിച്ചിട്ടുള്ളത്.

2) വർക്ക് ഫയലുകളിൽ നോട്ട് ഫയൽ സൂക്ഷിച്ചിട്ടില്ല.

3) ടെണ്ടർ ഫോറങ്ങളിൽ നിർവഹണോദ്യോഗസ്ഥൻ ഒപ്പുവെച്ചിട്ടില്ല.യാതൊരു രേഖപ്പെടുത്തലുകളും നടത്തിയിട്ടില്ല.രേഖകൾ പ്രകാരം ടെണ്ടർ അംഗീകരിക്കാത്ത കരാറുകാർ മുഖേനയാണ് പ്രവൃത്തി നടത്തിയിട്ടുള്ളത് എന്നത് വളരെ ഗുരുതരമായ വിഷയമാണ്.

4) റോഡ് പ്രവൃത്തികളുടെ എസ്റ്റിമേറ്റുകളിൽ ചെയിനേജ് രേഖപ്പെടുത്തിയിട്ടില്ല.ഫയലുകളിൽ മോണിട്ടറിംഗ് കമ്മിറ്റി സാക്ഷ്യപത്രം ഇല്ല.ചെയിനേജ് ഇല്ലാത്തതിനാൽ ഓരോ റോഡിലും എവിടെ പ്രവൃത്തി നടത്തിയെന്ന് കണ്ടെത്താനാകുന്നില്ല.

5) ഫയലിന് പേജ് നമ്പർ നൽകിയിട്ടില്ല. ഫയലിൽ പല പ്രവൃത്തികളുടെയും ടെണ്ടർ നോട്ടീസ് ഇല്ല. റീടെണ്ടറുകൾ നടത്തിയവയുടെ കാര്യത്തിൽ മുമ്പ് നടത്തിയ ടെണ്ടറിന്റെ വിവരമില്ല. സെലക്ഷൻ നോട്ടീസിലും വർക്ക് ഓഡറിലും, സൈറ്റ് കൈമാറിയതിന്റെ കൈപ്പറ്റ് രേഖയിലും തീയതി രേഖപ്പെടുത്തിയിട്ടില്ല.

6)പല പ്രവൃത്തികളുടെയും കരാറുടമ്പടിയുടെ എല്ലാ പേജുകളിലും ഒപ്പ് വച്ചിട്ടില്ല.എഗ്രിമെന്റ് വ്യവസ്ഥകൾ എഴുതി പൂർത്തീകരിച്ചിട്ടില്ല.

7) പൊതുമരാമത്ത് സ്റ്റാറ്റസ് റിപ്പോർട്ടിൽ കൃത്യമായ വിവരങ്ങളില്ല.

8)പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് മിനിട്ടസ് ബുക്കിൽ പ്രോജക്ട് രൂപികരണവും നിർവ്വഹണവും സംബന്ധിച്ച് തീരുമാനങ്ങളോന്നും രേഖപ്പെടുത്തി കാണുന്നില്ല.ചില പദ്ധതിനിർദ്ദേശങ്ങൾ നൽകി എന്നല്ലാതെ പദ്ധതിനിർവഹണം മോണിട്ടർ ചെയ്തതായി രേഖപ്പെടുത്തിയിട്ടില്ല.വർക്കിംഗ് ഗ്രൂപ്പിൽ ശുപാർശ ചെയ്യാത്ത പദ്ധതികളാണ് തൻവർഷം നടപ്പാക്കിയവയിൽ ഭൂരിഭാഗവും.

9)തൻവർഷം സ്പിൽ ഓവർ പ്രോജക്ടുകൾ അടക്കം 123 പ്രോജക്ടുകളാണ് തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ടുള്ളത്. ഇതിൽ എല്ലാം നടപ്പാക്കാൻ സാധിച്ചിട്ടില്ല . മരാമത്ത് പ്രവൃത്തികൾക്ക് വൻ തുക വകയിരുത്തുകയും എന്നാൽ പ്രോജക്ട് കൃത്യമായി നടപ്പിലാക്കുകയും ചെയ്യാത്തതിനാൽ ഫണ്ട് ലാപ്സായിട്ടുണ്ട്.

9).ചെറിയ ചെറിയ തുകകൾ വകയിരുത്തി ധാരാളം പ്രവൃത്തികൾ ആസൂത്രണം ചെയ്യുന്നു.ആയതിനാൽ ചെലവഴിച്ച തുകകൾ പ്രയോജനപ്രദമാകുന്നില്ല എന്ന് കാണുന്നു.റോഡുകൾ പൂർണ്ണമായും ഗതാഗതയോഗ്യമാകുന്ന രീതിയിൽ എസ്റ്റിമേറ്റ് തയ്യാറാക്കി , പദ്ധതി ആസൂത്രണം ചെയ്ത് നടപ്പാക്കുന്നില്ല.

10) പഞ്ചായത്തിൽ എഴുതി സൂക്ഷിച്ചിട്ടുള്ള ടെണ്ടർഫോറം സ്റ്റോക്ക് രജിസ്റ്റർപ്രകാരം അസിസ്റ്റന്റ് എഞ്ചിനീയർക്ക് 2018-19 വർഷം 100ടെണ്ടർ ഫോറങ്ങൾ നൽകിയതിൽ 30 എണ്ണം പഞ്ചായത്തിൽ തിരിച്ചേൽപ്പിച്ചിട്ടുണ്ട്. 70എണ്ണം നിർവഹണോദ്യോഗസ്ഥൻ ആർക്ക് നൽകിയെന്നോ, ടെണ്ടർ ഫോറം വില ഈടാക്കിയ വിവരങ്ങളോ എഴുതി സൂക്ഷിച്ചിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം. 9 /2018-19/ 03.01.20 പ്രകാരം വിവരം ശ്രദ്ധയിൽപ്പെടുത്തിയതിന് മറുപടി നൽകിയിട്ടില്ല. അപാകതകൾ പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-25 കാരക്കാട്ട് ഗാന്ധി റോഡ് ടാറിംഗ്,-ഒരേ റോഡിന് രണ്ട് പദ്ധതികൾ -എസ്റ്റിമേറ്റിന് വിരുദ്ധമായി പദ്ധതി നടപ്പാക്കി.

പ്രോജക്ട് നമ്പർ-85/19

ട്രഷറിബിൽനമ്പർ-39/28.01.09-281079

പ്രോജക്ട് നമ്പ്ര 254/19

ട്രഷറിബിൽനമ്പർ-37/28.01.09-398096

പ്രോജക്ട് നമ്പർ-85/19 ലെ എസ്റ്റിമേറ്റ് പ്രകാരം 0/200 മുതൽ 246 മീറ്റർ ആണ് ടാർ ചെയ്യേണ്ടിയിരുന്നത്. എന്നാൽ സ്ഥലപരിശോധന നടത്തിയതിൽ 0/130 മീറ്റർ

മുതൽ 120.25 മീറ്റർ ടാറിംഗാണ് ഈ പദ്ധതിയിൽ നടത്തിയിട്ടുള്ളത്. ഈ പ്രോജക്ട് പ്രകാരം 500,000/- രൂപ വകയിരുത്തിയതിൽ 2,82,269/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതേ റോഡിൽ പ്രോജക്ട് നമ്പ്ര 254/19 ൽ 186.5 മീറ്റർ ടാറിംഗ് നടത്തിയതിന് 4,00,000/- രൂപയും ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ ചെയിനേജ് രേഖപ്പെടുത്തിയിട്ടുമില്ല. കൂടാതെ ഈ റോഡിന്റെ ആകെ നീളം എത്രയാണെന്നോ ഓരോ പ്രോജക്ടിലും എത്രയാണ് ചെയ്യുന്നത് എന്ന് എസ്റ്റിമേറ്റ് റിപ്പോർട്ടിലും രേഖപ്പെടുത്തിയിട്ടില്ല. ആസ്തിരജിസ്റ്ററിലും ഈ പദ്ധതികൾ നടപ്പാക്കിയ വിവരം ചേർത്തിട്ടില്ല. നിലവിൽ കാരക്കാട്ട് കവല മുതൽ 130 മീറ്റർ ഇപ്പോഴും പ്രവൃത്തി നടപ്പാക്കാതെ മൺറോഡ് ആയി അവശേഷിക്കുന്നു. പ്രോജക്ട് നമ്പർ-85/19 ൽ തുക ഉണ്ടായിരുന്നിട്ടുകൂടി പ്രവൃത്തി പൂർത്തീകരിച്ചിട്ടുമില്ല. ഒരേ റോഡിന് രണ്ട് എസ്റ്റിമേറ്റ്, രണ്ട് പ്രോജക്ട് എന്നിവ തയ്യാറാക്കിയതിന് തുക ചെലവഴിച്ചത് ശരിയായ നടപടിയല്ല. പ്രോജക്ടിന് വിരുദ്ധമായി പദ്ധതി നടപ്പാക്കിയതിന്റെ കാരണം വിശദമാക്കേണ്ടതാണ്. വകയിരുത്തിയ തുക മുഴുവൻ ചെലവഴിച്ചിരുന്നുവെങ്കിൽ ഈ റോഡ് ഗതാഗതയോഗ്യമാക്കാമായിരുന്നു. എസ്റ്റിമേറ്റ് തയ്യാറാക്കിയതിലെ അപാകത കാരണമാണ് ഫണ്ട് ലാപ്സായതും റോഡ് ഇപ്പോഴും ഗതാഗതയോഗ്യമാക്കാൻ കഴിയാത്തതും. ഓഡിറ്റ് എൻക്വയറി.നം. 17 /18-19തീയതി 04.01.20 പ്രകാരം വിവരം ശ്രദ്ധയിൽപ്പെടുത്തിയതിന് മറുപടി നൽകിയിട്ടില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

# 1-26 പെരിക്കല്ലൂർ പാതിരി റോഡ് റീടാറിംഗ് പദ്ധതി എസ്റ്റിമേറ്റ് തയ്യാറാക്കിയതിലും പദ്ധതി നടപ്പാക്കിയതിലും അപാകങ്ങൾ.

തൻവർഷം നടപ്പാക്കിയ പെരിക്കല്ലൂർ പാതിരി റോഡ് റീടാറിംഗ്പദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയതിലും പദ്ധതി നടപ്പാക്കിയതിലും അപാകതകൾ ഉണ്ട്

പ്രോജക്ട് നമ്പർ 222/19,

ട്രഷറി ബിൽ നമ്പർ 72/27.03.19-1700000

നിർവഹണം-അസി.എഞ്ചിനീയർ

മേൽ പ്രവൃത്തിക്ക് 5 ലക്ഷം രൂപ ബ്ലോക്ക് പഞ്ചായത്ത് വിഹിതം ഉൾപ്പെടെ 22 ലക്ഷം വകയിരുത്തിയാണ് പ്രോജക്ട് തയ്യാറാക്കിയതും എസ്റ്റിമേറ്റ് തയ്യാറാക്കിയതും അംഗീകാരം വാങ്ങിയതും. പ്രവൃത്തി ടെണ്ടർ ചെയ്തത് എന്നാണെന്ന് ടെണ്ടർ

ഫോമിൽ രേഖപ്പെടുത്തിയിട്ടില്ല. നിർവഹണോദ്യോഗസ്ഥൻ ടെണ്ടർ ഫോറത്തിൽ ക്വോട്ട് ചെയ്ത നിരക്ക് രേഖപ്പെടുത്തുകയോ ഒപ്പുവെക്കുകയോ ചെയ്തിട്ടില്ല. ടെണ്ടർ രജിസ്റ്റർ പ്രകാരം ടെണ്ടർ നടന്നത് 15.02.18 നാണ്. എഗ്രിമെന്റ് നമ്പർ-21/17-18/22.02.18.എന്നാൽ 19.03.18 ന് എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് 17 ലക്ഷം അടങ്കൽ ആയി നിജപ്പെടുത്തിയിട്ടുണ്ട്.പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് അടങ്കൽ 17 ലക്ഷം ആയി നിജപ്പെടുത്തുന്നതിന് മുൻപ് തന്നെ ടെണ്ടർ ഫോറത്തിൽ കരാറുകാരൻ രേഖപ്പെടുത്തിയിരിക്കുന്നത് 17 ലക്ഷം എന്നാണ്.

കൂടാതെ പ്രവൃത്തി സൈറ്റ് ഭൌതികപരിശോധന നടത്തിയതിൽ 17 ലക്ഷം രൂപക്ക് തന്നെ പ്രവൃത്തി പൂർത്തീകരിച്ചതായികണ്ടു.

17 ലക്ഷം രൂപക്ക് ചെയ്തുതീർക്കാമായിരുന്ന പ്രവൃത്തിക്ക് ബ്ലോക്ക് പഞ്ചായത്ത് വിഹിതം വകയിരുത്തി കൂടിയ തുകക്ക് എസ്റ്റിമേറ്റ് തയ്യാറാക്കിയത് പദ്ധതിനടത്തിപ്പിലെ സുതാര്യതയില്ലായ്മയാണ് കാണിക്കുന്നത്.ഓഡിറ്റ് എൻക്വയറി.നം. 16 /18-19തീയതി 04.01.20 പ്രകാരം വിശദീകരണം ആരാഞ്ഞതിന് മറുപടി നൽകിയിട്ടുമില്ല.

അപാകതകൾ വിശദീകരിക്കേണ്ടതാണ്.

# 1-27 ചാമപ്പാറ തെക്കനാട്ട് കവല സീതാമൌണ്ട് റോഡ് ടാറിംഗ്-പ്രോജക്ട് ആസൂത്രണം നടത്തിയതിൽ അപാകങ്ങൾ

ഗ്രാമപഞ്ചായത്ത് ആസൂത്രണം ചെയ്ത് നടപ്പാക്കിയ ചാമപ്പാറ തെക്കനാട്ട് കവല സീതാമൌണ്ട് റോഡ് ടാറിംഗ് പ്രവൃത്തി നടപ്പാക്കേണ്ട സൈറ്റിൽ ജില്ലാപഞ്ചായത്ത്

പ്രോജക്ട് നമ്പർ-100/19

ട്രഷറിബിൽനമ്പർ-67/26.03.09-327388

നിർവഹണം -അസി.എഞ്ചിനീയർ

പ്രോജക്ട് പ്രകാരം 0/000 മുതൽ 565 മീറ്റർ റീടാറിംഗ് നടത്തുന്നതിന് 7 ലക്ഷം രൂപ വകയിരുത്തി എസ്റ്റിമേറ്റ് തയ്യാറാക്കി നടത്തിയ പ്രവൃത്തിയിൽ 324 മീറ്റർ ടാറിംഗ് നടത്തുകയും 327388രൂപ ചെലവഴിക്കുകയും ചെയ്തു.എന്നാൽ 04.01.2020-ൽ സൈറ്റിൽ ഭൌതിക പരിശോധന നടത്തിയതിൽ റോഡ് പൂർണ്ണമായും ടാറിംഗ്

നടത്തിയതായികണ്ടു. ജില്ലാപഞ്ചായത്ത് പ്രവൃത്തി നടപ്പാക്കിയതിനാലാണ് ബാക്കി ഭാഗം പ്രവൃത്തി ചെയ്യാനാകാത്തത് എന്നാണ് അറിയാൻ കഴിഞ്ഞത്. ഒരേ റോഡിന് ജില്ലാപഞ്ചായത്തും ഗ്രാമപഞ്ചായത്തും പ്രോജക്ട് തയ്യാറാക്കിയതെങ്ങനെയെന്ന് വ്യക്തമല്ല.ജില്ലാപഞ്ചായത്ത് എവിടെമുതൽ എവിടെവരെ പ്രവൃത്തി നടപ്പാക്കിയെന്ന വിവരം സ്ഥലപരിശോധനയിൽ വ്യക്തമല്ല.റോഡ് ജില്ലാപഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ഉള്ളതാണോ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ഉള്ളതാണോയെന്നും വ്യക്തമല്ല.

റോഡിന്റെ ഉടമസ്ഥത സംബന്ധിച്ച വിവരങ്ങളും പദ്ധതി ഇപ്രകാരം നടപ്പാക്കിയതിനുള്ള വിശദീകരണവും ലഭ്യമാക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി.നം. 18/18-19തീയതി 04.01.20 പ്രകാരം വിവരങ്ങൾ ആവശ്യപ്പെട്ടെങ്കിലും മറുപടി നൽകിയിട്ടില്ല. വിശദവിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. 3,27,388/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 1-28 തറപ്പത്ത് കവല എസ്.സി.കോളനി കുടിവെള്ളപദ്ധതി-മോട്ടോർ സ്ഥാപിക്കൽ

അസിസ്റ്റൻറ് എഞ്ചിനീയർ തറപ്പത്ത് കവല എസ്.സി.കോളനി കുടിവെള്ള പദ്ധതി-മോട്ടോർ സ്ഥാപിക്കൽ പ്രവർത്തിക്കായി 2017-18 വർഷം 1,30,000/- രൂപയും 2018-19 വർഷം 49,000/- രൂപയും അസി എക്സിക്യൂട്ടീവ് എഞ്ചിനീയർ,ഇലക്ട്രിക്കൽ സെക്ഷൻ ,പി.ഡബ്ല്യു.ഡി കൽപ്പറ്റക്ക് നൽകിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം, പേര് | ബിൽ നം., തീയതി | ചെലവ് തുക |
|---|---|---|---|
| 1 | 238/18(SCP)<br>തറപ്പത്ത് കവല എസ്.സി.കോളനി കുടിവെള്ളപദ്ധതി-മോട്ടോർ സ്ഥാപിക്കൽ. | 17/28.03.18 | 1,30,000/- |
| 2 | 276/19(SCP)<br>തറപ്പത്ത് കവല എസ്.സി.കോളനി കുടിവെള്ളപദ്ധതി-മോട്ടോർ സ്ഥാപിക്കൽ. | 23/15.10.18 | 49,000/- |
| | | ആകെ | 1,79,000/- |

പദ്ധതിഫയൽ പരിശോധിച്ചതിൽ അസി എക്സിക്യൂട്ടീവ്എഞ്ചിനീയർ, ഇലക്ട്രിക്കൽ സെക്ഷൻ, പി.ഡബ്ല്യു.ഡി കൽപ്പറ്റ നൽകിയ പൂർത്തീകരണസാക്ഷ്യപത്രപ്രകാരം

ചെലവഴിച്ച തുക 1,76,614/- രൂപയാണ്. ബാക്കി തുക തിരികെ ഈടാക്കിയതായി കാണുന്നില്ല.

പദ്ധതിഫയലിൽ ഈ കുടിവെള്ളപദ്ധതി എന്ന് നിലവിൽ വന്നതാണെന്നോ , മുൻപദ്ധതിയിൽ മോട്ടോർ ഉണ്ടായിരുന്നോ, പ്രസ്തുത മോട്ടോറിന് എന്തു സംഭവിച്ചുവെന്നോ ഉള്ള വിവരങ്ങൾ ഫയലിൽ ഇല്ല. കുടിവെള്ള പദ്ധതിയുടെ ഉടമസ്ഥത സംബന്ധിച്ച വിവരങ്ങളും ഇല്ല. ഓഡിറ്റ് എൻക്വയറി.നം. 8 /18-19തീയതി 03.01.20 പ്രകാരം വിവരം ശ്രദ്ധയിൽപ്പെടുത്തിയതിന് മറുപടി നൽകിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ 1,79,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 1-29 കരാർ തുകയിൽ പരിമിതപ്പെടുത്താതെ തുക അനുവദിച്ചതിനാൽ നഷ്ടം

മരാമത്ത് പ്രവൃത്തികൾക്ക് കരാർ പ്രകാരം അംഗീകരിച്ച തുകയാണ് പരമാവധി നൽകാവുന്നത്. അധികമായി പ്രവൃത്തി ചെയ്യേണ്ടതായി വരുകയാണെങ്കിൽ എസ്റ്റിമേറ്റ് റിവൈസ്സ് ചെയ്ത് സപ്ലിമെന്ററി എഗ്രിമെന്റ് വെയ്ക്കേണ്ടതാണ്. എന്നാൽ തൻ വർഷത്തിൽ നടപ്പിലാക്കിയ പല പ്രവൃത്തികൾക്കുടെ കരാറുതുകയേക്കാൾ അധികം തുക കരാറുകർക്ക് നൽകിയിട്ടുണ്ട്. പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ ലംസം പ്രൊവിഷനായി ഉൾപ്പെടുത്തിയിട്ടുള്ള തുകയിൽ നിന്നുമാണ് അധിക തുക നൽകിയതായിട്ടുള്ളത്. കേരള പൊതുമരാമത്ത് മാന്വലിലെ സെക്ഷൻ 1601.1.3 അനുസരിച്ച് എസ്റ്റിമേറ്റിൽ ലംസം ആയി കാണിച്ച തുകയ്ക്ക് വർക്കിംഗ് എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങേണ്ടതാണ്. അംഗീകരിച്ച എസ്റ്റിമേറ്റിൽ 5% വരെ വർദ്ധനവ് പ്രവൃത്തിയുടെ മേൽനോട്ടം വഹിച്ച എഞ്ചിനീയറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ഭരണസമിതി തീരുമാന പ്രകാരം വർക്ക് സ്ലിപ്പ് വഴി സാങ്കേതിക അനുമതി നൽകിയ ഉദ്യോഗസ്ഥന്റെ അംഗീകാരത്തോടെ നടപ്പാക്കാവുന്നതാണ്. ടെണ്ടർ പ്രകാരം അംഗീകരിച്ച് കരാറുടമ്പടി വെച്ചതിലും അധിക തുക നൽകിയ ഏതാനും പ്രവൃത്തികളുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ടിന്റെ നമ്പരും പേരും | കരാർ തുക | അനുവദിച്ച തുക | അധികം നൽകിയ തുക |
|---|---|---|---|---|
| 1 | 86/19<br>തേമാനവയൽ കനാൽ റോഡ് ടാറിംഗ് | 291198.38<br>എസ്റ്റിമേറ്റ് നിരക്ക് | 300000<br>ട്രഷറിബിൽ നമ്പർ<br>55/18-19/19.03.19 | 8,802 |

| | | | | |
|---|---|---|---|---|
| 2 | 227/19<br>കുളക്കാട്ടിൽകവല കരിമംകുന്നേൽ റോഡ് ടാറിംഗ് | 987506.29 | 1091764<br>വൌച്ചർ നമ്പർ -60/19.03.19<br>(5ലക്ഷം രൂപ -ചെക്ക് നമ്പർ-762175/11.03.19 -ബ്ലോക്ക് വിഹിതം)ട്രഷറിബിൽ നമ്പർ-48/19.03.19-300000,<br>49/19.03.19-286528 | 1,04,258 |
| 3 | 281/18<br>മാഞ്ചുവട് ഫോറസ്റ്റ് റോഡ് ടാറിംഗ് | 844672.04 | 849542<br>ട്രഷറിബിൽ നമ്പർ09/06.07.18 | 4,870 |
| 4 | 282/18<br>വെള്ളിലാംതടം റോഡ് ടാറിംഗ് | 346575.52 | 350000<br>ട്രഷറിബിൽ നമ്പർ13/06.07.18 | 3,424 |
| ആകെ | | | | 1,21,354 |

ഭരണസമിതിയുടെ അംഗീകാരത്തോടെ അല്ല മേൽ പ്രവൃത്തികൾക്ക് കരാർ പ്രകാരം നൽകേണ്ട തുകയിലും അധിക തുക നൽകിയിട്ടുള്ളത്. ഓഡിറ്റ് എൻക്വയറി.നം. 7 /18-19തീയതി 28.12.19 പ്രകാരം വിവരം ശ്രദ്ധയിൽപ്പെടുത്തിയതിന് മറുപടി നൽകിയിട്ടില്ല.അധികം നൽകിയ തുക ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽനിന്ന് തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്.

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

## 3-1 അനുഗ്രഹ ഭവന പദ്ധതി - ഗുണഭോക്താക്കൾക്ക് വിതരണം നടത്താനായി ബാങ്ക് വായ്പയായി എടുത്ത തുക വിതരണം

# നടത്താതെ ബാങ്ക് അക്കൗണ്ടിൽ സൂക്ഷിച്ചതിനാൽ പലിശയിനത്തിൽ നഷ്ടം.

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി , ബാങ്ക് വായ്പ എടുത്ത് ഭവന നിർമ്മാണ ധനസഹായം നൽകുന്നതിനായി അനുഗ്രഹ ഭവന പദ്ധതി എന്ന പേരിൽ ഭവന പദ്ധതി നടപ്പാക്കിയിട്ടുണ്ട്. വായ്പ തിരിച്ചടവിന്റെ മുതൽ വികസനഫണ്ടിൽ നിന്നും പലിശ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും അടക്കേണ്ടതാണ്. മുള്ളൻകൊല്ലി സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും ക്യാഷ് ക്രഡിറ്റ് ആയാണ് വായ്പ അനുവദിച്ചിട്ടുള്ളത്. വായ്പ തുകയായി പിൻവലിക്കുന്ന തുകയ്ക്ക് മാത്രമാണ് പലിശ അടക്കേണ്ടത്. സെക്രട്ടറിയുടെ പേരിലുള്ള വായ്പ അക്കൗണ്ട് നമ്പർ 10890 മുഖേനയാണ് വായ്പ അനുവദിച്ചത്. ഈ വായ്പ തുകയിൽ നിന്നും ആവശ്യമായ തുക നിർവ്വഹണ ഉദ്യോഗസ്ഥനായ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുടെയും പ്രസിഡണ്ടിന്റെയും പേരിലുള്ള മുള്ളൻകൊല്ലി സർവ്വീസ് സഹകരണ ബാങ്കിലെ അക്കൗണ്ട് നം 001002010897 ൽ നിക്ഷേപിച്ച് ഗുണഭോക്താക്കൾക്ക് വിതരണം നടത്തുകയാണ് ചെയ്യുന്നത്. താഴെപ്പറയുന്ന പ്രോജക്ട് മുഖേന തൻവർഷം അനുഗ്രഹ പദ്ധതിക്കായി തുക ചെലവഴിച്ചിട്ടുണ്ട്. വിശദവിവരം താഴെ ചേർക്കുന്നു.

പ്രോജക്ടിന്റെ പേര് - ഭവന നിർമ്മാണം ജനറൽ

പ്രോജക്ടിന്റെ നം. 212/2019

അടങ്കൽ – 52,80,000/- രൂപ

തൻവർഷം എടുത്ത വ്യ്പ തുക - 10,00,000/- രൂപ ( പദ്ധതി ചെലവ് പത്രികയിൽ ഈ

തുക ചെലവായാണ് കാണിച്ചിട്ടുള്ളത് )

വായ്പ അക്കൗണ്ട് നം 10890 ൽ നിന്നും 22/05/2018ന് ട്രാൻസ്ഫർ ചെയ്തത് - 5,00,000/- രൂപ

വായ്പ അക്കൗണ്ട് നം 10890 ൽ നിന്നും 23/11/2018ന് ട്രാൻസ്ഫർ ചെയ്തത് - 5,00,000/- രൂപ

മേൽ തുകകളിൽ 22/05/2018ന് തുക ആവശ്യപ്പെട്ടത് ഏതൊക്കെ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യാനാണെന്നത് സംബന്ധിച്ച രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

താഴെപ്പറയുന്ന ഗുണഭോക്താക്കൾക്ക് വിതരണം നടത്താനായി 23.11.2018ന് വായ്പയെടുത്ത 5,00,000/- രൂപയിൽ 2,40,000/- രൂപയും വിതരണം നടത്തിയിട്ടില്ല.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | നൽകിയ തുക | റിമാർക്ക്സ് |
|---|---|---|---|
| | ഗ്രേസി വിനോദ് | 20,000/- | 60,000/- രൂപ പ്രസ്തുത ഗുണഭോക്താവിന് നൽകാനായി വായ്പയെടുത്തെങ്കിലും 40,000/- രൂപ മാത്രമാണ് വിതരണം നടത്തിയത് |
| | ആന്റണി കുറുന്തോട്ടത്തിൽ | 60,000/- | |
| | മേരി ദേവസ്യ രണ്ടാനിക്കൽ | 60,000/- | |
| | ശാന്താ സദാശിവൻ | 20,000/- | |
| | ലീല വേങ്ങശ്ശേരിയിൽ | 20,000/- | |
| | മറിയം - തങ്കമ്മ ചാമക്കാലായിൽ | 20,000/- | |
| | തങ്കമ്മ ജോസ് കളിപ്പറമ്പിൽ | 40,000/- | |
| | | 2,40,000/- | |

മേൽ അക്കൗണ്ടിൽ 31.10.2019 തീയതിയിൽ 2,68,439/- രൂപ നീക്കിയിരിപ്പുണ്ട്. നിശ്ചിത എണ്ണം ഗുണഭോക്താക്കൾക്ക് തുക നൽകേണ്ടതാണെന്നും അതിന് 5,00,000/- രൂപ ആവശ്യമാണെന്നും വ്യക്തമാക്കി നിർവ്വഹണ ഉദ്യോഗസ്ഥനായ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ റിക്വസ്റ്റ് നൽകിയതിന്റെ അടിസ്ഥാനത്തിലാണ് സെക്രട്ടറി വായ്പ തുക എടുത്ത് നിർവ്വഹണ ഉദ്യോഗസ്ഥന് കൈമാറിയത്. ഗുണഭോക്താക്കൾക്ക് വിതരണം നടത്താൻ ആവശ്യമുള്ളതിലും കൂടുതൽ തുക വായ്പ എടുത്ത് അതേ ബാങ്കിലെ അക്കൗണ്ടിൽ നിക്ഷേപിക്കുകയാണ് ചെയ്തത്. പ്രസ്തുത തുകയ്ക്കും ഗ്രാമപഞ്ചായത്ത് പലിശ നൽകി വരുകയാണ്. ഗ്രാമപഞ്ചായത്തും

മുള്ളൻകൊല്ലി സർവ്വീസ് സഹകരണ ബാങ്കും തമ്മിലുള്ള കരാർ പ്രകാരം വായ്പ തുകയക്ക് 11% നിരക്കിൽ പലിശ നൽകേണ്ടതാണ്.

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 14 തീയതി 04/1/2020ന് നൽകിയ മറുപടിയിൽ ഗുണഭോക്താക്കൾ കൈപ്പറ്റാത്തതിനാലാണ് തുക ചെലവഴിക്കാത്തതെന്നും തുക അടിയന്തരമായി തിരിച്ചടക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ഗുണഭോക്താകൾക്ക് വിതരണം നടത്താനുള്ള തുക എത്രയാണെന്ന് തിട്ടപ്പെടുത്തി ആവശ്യമായ തുക ആവശ്യപ്പെടുകയും ആയത് ഗുണഭോക്താകളുടെ അക്കൗണ്ടിലേക്ക് വിതരണം നടത്തുകയുമാണ് ചെയ്യേണ്ടത്. അതിനാൽ ഗുണഭോക്താകൾ കൈപ്പറ്റാത്തതിനാലാണ് തുക ചെലവഴിക്കാത്തതെന്ന മറുപടി ഓഡിറ്റ് അംഗീകരിക്കുന്നില്ല.

ഭവന നിർമ്മാണ ധനസഹായം നൽകുന്നതിനായി ബാങ്കിൽ നിന്നും വായ്പ എടുത്ത് വിതരണം ചെയ്യാത്തത് ഗുരുതരമായ വീഴ്ചയാണ്. ആവശ്യമായതിൽ കൂടുതൽ തുകയ്ക്ക് റിക്വസ്റ്റ് നൽകിയിതിനാലാണ് തുക വിതരണം നടത്താൻ സാധിക്കാതെ വന്നത്. വിതരണം നടത്താത്ത 2,40,000/- രൂപ അടിയന്തരമായി തിരിച്ചടക്കേണ്ടതും വിതരണം ചെയ്യാത്ത തുകയ്ക്ക് 23.11.18 മുതൽ തുക തിരിച്ചടക്കുന്നത് വരെ 11% നിരക്കിൽ നൽകേണ്ടി വന്ന പലിശ ഉത്തരവാദിയായ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറിൽ നിന്നും ഈടാക്കേണ്ടതുമാണ്. ഓഡിറ്റ് തീയതി വരെയുള്ള പലിശ താഴെപ്പറയുന്നു.

23.11.2018 മുതൽ 07.01.2020 വരെ കാലയളവ് - 1 വർഷം 45 ദിവസം

വിതരണം നടത്താത്ത തുക – 2,40,000/-

- 240000 x 11% + 240000x11/100x45/365

- 26400 +3255

= 29655/-

നാളിതുവരെയുള്ള പലിശ 29,655/- രൂപ അനുഗ്രവ ഭവന പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥനായ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറിൽ നിന്നും ഈടാക്കേണ്ടതാണ്. ഇത് 07.01.2020 വരെ 11% നിരക്കിൽ പലിശ കണക്കാക്കിയതിന്റെ അടിസ്ഥാനത്തിലാണ്. തുക തിരിച്ചടക്കുന്നത് വരെയുള്ള പലിശ കണക്കേണ്ടതും ഉത്തരവാദിയിൽ നിന്നും ഈടാക്കേണ്ടതാണ്.

22.05.2018ന് എടുത്ത വായ്പ തുകയായ 5,00,000/- രൂപ വിതരണം നടത്തിയതിന്റെ രേഖകൾ ഹാജരാക്കത്തതിനാൽ കേരള പഞ്ചായത്ത് രാജ്

(പരിശോധന രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 12.(1) പ്രകാരം രേഖകൾ ഇല്ല എന്ന നിഗമനത്തിലെത്തുന്നു. ഈ തുക ഓഡിറ്റിൽ നിരാകരിക്കുന്നു. തുക ഉത്തരവാദിയിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

# ഭാഗം -4
# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| പനമരം ബ്ലോക്ക പഞ്ചായത്ത് | 2018-19 | 4100000 | ലൈഫ് മിഷൻ | 2600000 | 1500000 |
| പനമരം ബ്ലോക്ക പഞ്ചായത്ത് | 2018-19 | 500000 | ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് | 268100 | 231900 |
| പനമരം ബ്ലോക്ക പഞ്ചായത്ത് | 2018-19 | 1813000 | ക്ഷീരകർഷകർക്ക് പാൽ സബ്സീഡി | 1813000 | 0 |
| പനമരം ബ്ലോക്ക പഞ്ചായത്ത് | 2018-19 | 382176 | നെൽകൃഷി പ്രോത്സാഹനം | 374900 | 7276 |
| വയനാട് ജില്ലാ പഞ്ചായത്ത് | 2018-19 | 2635940 | ലൈഫ് മിഷൻ | 2467795 | 168145 |
| | 2018-19 | 700000 | നെൽകൃഷി പ്രോത്സാഹനം | 529550 | 170450 |
| | 2018-19 | 1230000 | ക്ഷീരകർഷകർക്ക് പാൽ സബ്സീഡി | 1230000 | 0 |
| | 2018-19 | 625000 | ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് | 171442 | 453558 |
| ആകെ | | 11986116 | | 7114787 | 4871329 |

സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച തുകയുടെ വിവരങ്ങൾ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. വിശദീകരണം നൽകേണ്ടതാണ്.

# 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെല വഴിക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|
| KWA | മരക്കടവ്- തോണിക്കടവ്-ഡിപ്പോ കുടിവെള്ള പൈപ്പ്ലൈൻ ദീർഘിപ്പിക്കൽ | | 250000 | 209649 | 40351 |
| KWA | പാടിച്ചിറ-ലൂർദ്ദ്കുന്ന്-പള്ളിയാലി ക്കവല കുടിവെള്ള പൈപ്പ്ലൈൻദീർഘിപ്പിക്കൽ | | 250000 | 233883 | 16155 |
| KWA | പ്രഭാത്കവല- വണ്ടിക്കടവ് കുടിവെള്ള പൈപ്പ്ലൈൻ ദീർഘിപ്പിക്കൽ | | 250000 | 229678 | 20322 |
| KWA | വെള്ളരാൻകുന്ന് കുടിവെള്ള പൈപ്പ്ലൈൻ ദീർഘിപ്പിക്കൽ | | 250000 | 203036 | 46964 |
| KWA | ചെമ്പനാനിക്കൽകവല-പുണ്യാളൻകുന്ന് കുടിവെള്ള പൈപ്പ്ലൈൻദീർഘിപ്പിക്കൽ | 2 | 250000 | 228370 | 21630 |
| KWA | നെല്ലാംകുന്നേൽകവല-പ്രഭാകരൻകവല കുടിവെള്ള പൈപ്പ്ലൈൻദീർഘിപ്പിക്കൽ | | 250000 | 0 | 250000 |
| KWA | വല്ലത്ത്കവല- പഞ്ഞിമുക്ക് കവല കുടിവെള്ള പൈപ്പ്ലൈൻദീർഘിപ്പിക്കൽ | | 250000 | 0 | 250000 |
| KWA | തേക്കനാംകുന്നേൽകുടിവെള്ള പൈപ്പ്ലൈൻ ദീർഘിപ്പിക്കൽ | | 250000 | 0 | 250000 |
| KWA | ഇന്ദിരാനഗർ-മഞ്ഞാടി കുടിവെള്ള പൈപ്പ്ലൈൻ | | 250000 | 216551 | 33449 |

| | | | | | |
|---|---|---|---|---|---|
| | ദീർഘിപ്പിക്കൽ | | | | |
| KWA | വെട്ടുകല്ലുംപുറം-മങ്ങാട്ടുകുന്ന് കുടിവെള്ള പൈപ്പ്ലൈൻദീർഘിപ്പിക്കൽ | | 250000 | 0 | 250000 |
| KWA | വെള്ളക്കടകവല കുടിവെള്ള പൈപ്പ്ലൈൻ ദീർഘിപ്പിക്കൽ | | 250000 | 0 | 250000 |
| KWA | മണ്ണാവേലിക്കവല-പൂക്കുമ്പേൽകവല കുടിവെള്ള പൈപ്പ്ലൈൻദീർഘിപ്പിക്കൽ | | 500000 | 430785 | 69215 |
| KWA | കൊളവള്ളി കുടിവെള്ള പൈപ്പ്ലൈൻദീർഘിപ്പിക്കൽ | | 250000 | 0 | 250000 |
| KWA | ഗോവിന്ദൻകുന്ന് കുടിവെള്ള പൈപ്പ്ലൈൻദീർഘിപ്പിക്കൽ | | 250000 | 0 | 250000 |
| KWA | സീതാമൗണ്ട്-പള്ളിക്കുന്ന് കുടിവെള്ള പൈപ്പ്ലൈൻ ദീർഘിപ്പിക്കൽ | | 250000 | 0 | 250000 |
| KWA | സേവ്യംകൊല്ലി കുടിവെള്ള പൈപ്പ്ലൈൻ ദീർഘിപ്പിക്കൽ | | 100000 | 0 | 100000 |
| KWA | കുന്നത്ത്കവല-വേങ്ങത്താനം കവല കുടിവെള്ള പൈപ്പ്ലൈൻദീർഘിപ്പിക്കൽ | | 150000 | 0 | 150000 |
| KWA | ടോംതോമസ് മെമ്മോറിയൽ കുടിവെള്ള പൈപ്പ്ലൈൻദീർഘിപ്പിക്കൽ | | 250000 | 0 | 250000 |
| KWA | കാപ്പിസെറ്റ് മുതലിമാരൻകോളനി കുടിവെള്ള പൈപ്പ്ലൈൻദീർഘിപ്പിക്കൽ | | 100000 | 0 | 100000 |
| KWA | കാപ്പിപ്പാടി കോളനി പൈപ്പ്ലൈൻദീർഘിപ്പിക്കൽ | | 150000 | 0 | 150000 |
| KWA | ഉദയക്കരകോളനി പൈപ്പ്ലൈൻദീർഘിപ്പിക്കൽ | | 188900 | 0 | 188900 |
| KWA | അങ്കണവാടികൾക്ക് വാട്ടർഅതോറിറ്റി കുടിവെള്ള കണക്ഷൻ | | 550000 | 0 | 550000 |
| KWA | തൊണ്ടനോടി കുടിവെള്ള കണക്ഷൻ- പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | | 190000 | 0 | 190000 |
| KWA | ഇരിപ്പൂട് ബസവൻമൂല | | 190000 | 0 | 190000 |

| | | | | | |
|---|---|---|---|---|---|
| | എസ്.ടി. കോളനി കാട്ടുനായ്ക്ക കോളനി പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | | | | |
| GWD | എ.പി.ജെ. നഗര്എസ്.ടി. കോളനി കുഴല്കിണര്നിര്മ്മാണം | | 61900 | 0 | 61900 |
| GWD | പാളക്കൊല്ലി നാമറ്റം കോളനി കുഴല്കിണര്നിര്മ്മാണം | | 67600 | 0 | 67600 |
| GWD | പാതിരി ഊരാളി കോളനി കുഴല്കിണര്നിര്മ്മാണം | | 33060 | 41579 | (-)8519/- രൂപ ഭൂജല വകുപ്പിന് അടവാക്കാനുണ്ട് |
| GWD | കാപ്പിസെറ്റ് മുതലിമാരന്കോളനി കുഴല്കിണര്നിരമ്മാണം | | 29660 | 29335 | 325 |
| KSEB | തെരുവ് വിളക്കുകള്സ്ഥാപിക്കുന്നതിന് പ്രത്യേക ലൈന് വലിക്കൽ മീറ്റർ സ്ഥാപിക്കൽ | | 699976 | 699976 | 0 |
| | ആകെ | | 8471096 | 2522842 | 4246811 |

# 4-3 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 1000000 .രൂപ വരവുണ്ട്. മുൻബാക്കി 1,47,20,000/- രൂപയടക്കം 1,57,20,000/- രൂപയിൽ 1,57,20,000/- രൂപ വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| അനുഗ്രഹ ഭവന നിർമ്മാണം | 83/13/ത.സ്വ.ഭവ തീയ്യതി-11.03.2013 | 15720000 | 13314767 | 1150000 | 1413874 | 13164767 |
| EMS ഭവന | 222/10 തീയ്യതി | 27208500 | 3887645 | 1090000 | 0 | 2797645 |

| | | | | | | |
|---|---|---|---|---|---|---|
| പദ്ധതി | 21/01/2010 | | | | | |
| KURDFC | - | - | - | -- | - | 1,29,41,118 |

# 4-4 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 771420 |
| തൻവർഷം നിക്ഷേപിച്ച തുക | 935250 |
| ആകെ | 1706670 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 271420 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1435250 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ ട്രഷറി/പോസ്റ്റ് ഓഫീസ്....) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | സബ്ട്രഷറി പുൽപ്പള്ളി | 30.10.2018 | | 394610 | പുതിയത് |
| 2 | വയനാട് ജില്ലാ സഹകരണ ബാങ്ക് പുൽപ്പള്ളി | 29.03.2018 | | 541250 | പുതിയത് |
| 3 | സബ്ട്രഷറി പുൽപ്പള്ളി | 07.04.2018 | | 394000 | പുതിയത് |
| 4 | മുള്ളൻകൊല്ലി സർവ്വീസ് സഹകരണ ബാങ്ക്- പാടിച്ചിറ | 07.04.2018 | | 500000 | പുതിയത് |
| ആകെ | | | | | |

# 4-5 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 1,02,817/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 1999-00 | 71(4) | 13000 | എം എം അബ്ദുൾ റഹ്മാൻ,സെക്രട്ടറി | 118010400001, 07/04/2018 |
| 1999-00 | 71(4) | 5292 | എം എം അബ്ദുൾ റഹ്മാൻ,സെക്രട്ടറി | 118010400003, 16/05/2018 |
| 1999-00 | 71(4) | 5292 | എം എം അബ്ദുൾ റഹ്മാൻ,സെക്രട്ടറി | 118010400004, 12/06/2018 |
| 1999-00 | 71(4) | 5<br>292 | എം എം അബ്ദുൾ റഹ്മാൻ,സെക്രട്ടറി | 118010400005, 13/07/2018 |
| 1999-00 | 71(4) | 5,292 | എം എം അബ്ദുൾ റഹ്മാൻ,സെക്രട്ടറി | 118010400006, 10/08/2018 |
| 1999-00 | 71(4) | 5,292 | എം എം അബ്ദുൾ റഹ്മാൻ,സെക്രട്ടറി | 118010400011, 14/09/2018 |
| 1999-00 | 71(4) | 5,292 | എം എം അബ്ദുൾ റഹ്മാൻ,സെക്രട്ടറി | 118010500009, 15/10/2018 |
| 1999-00 | 71(4) | 5,292 | എം എം അബ്ദുൾ റഹ്മാൻ,സെക്രട്ടറി | 118010400012, 12/11/2018 |
| 1999-00 | 71(4) | 5,292 | എം എം അബ്ദുൾ റഹ്മാൻ,സെക്രട്ടറി | 118010400014 ,15/12/2018 |
| 1999-00 | 71(4) | 5,292 | എം എം അബ്ദുൾ റഹ്മാൻ,സെക്രട്ടറി | 118010400017, 19/01/2019 |
| 1999-00 | 71(4) | 5,292 | എം എം അബ്ദുൾ റഹ്മാൻ,സെക്രട്ടറി | 118010400023, 12/02/2019 |
| 2001-02 | 2-1എ | 36,897 | പി പത്മകുമാർ,ജൂനിയർ സൂപ്രണ്ട് | 118010400022, 11/02/2019 |

| | | | | |
|---|---|---|---|---|
| ആകെ | | 1,02,817 | | |

# 4-6 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹ്യത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹ്യത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 | 51<br>36 | 2001-02 | 10 | വാർദ്ധക്യകാല പെൻഷൻ ജില്ലാ കളക്ടറിൽ നിന്നും ലഭിച്ച 15594/- രൂപയിൽ 10974/- രൂപ പഞ്ചായത്ത് ഫണ്ടിൽ അടയ്ക്കുകയോ പെൻഷൻ ഫണ്ട് ലഭിക്കേണ്ട വ്യക്തികൾക്ക് കൊടുക്കുക യോ ചെയ്യാതെ തിരിമറി നടത്തി.<br><br>പിരിവ് തുകയിൽ 5405/- രൂപ പഞ്ചായത്ത് ഫണ്ടിൽ അടയ്ക്കാതെ തിരിമറി നടത്തി. | 1997-98 ഓഡിറ്റ് വർഷവുമായി ബന്ധപ്പെട്ട് ഉത്തരവാദിയായ സെക്രട്ടറി ശ്രീ. കെ.എം. രവീന്ദ്രൻ എന്നവർ ബന്ധപ്പെട്ട തുകയായ 10974/- രൂപ 06.01.2015 തിയ്യതിയിലെ 11401105036 നമ്പർ രസീത് പ്രകാരം പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയിട്ടുണ്ട്. ആയത് കേരള സംസ്ഥാന ഓഡിറ്റ് വിഭാഗം പരിശോധന നടത്തിയിരുന്നുവെങ്കിലും പരാമര്ശം ഒഴിവാക്കിയതായുള്ള അറിയിപ്പ് ലഭ്യമായിട്ടില്ല എന്ന വിവരം ബോധിപ്പിക്കുന്നു.<br><br>പിരിവ് തുക പഞ്ചായത്ത് ഫണ്ടിൽ അടയ്ക്കാതെ തിരിമറി നടത്തിയ 5405/- രൂപ റവന്യൂ റിക്കവറി നടപടികളിലൂടെ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയിട്ടുണ്ട്. (രശീതി നമ്പർ 52979/84 തിയ്യതി 09.09.2008, 52982/34 തിയ്യതി 21.10.2008, 429/51 തിയ്യതി 29.12.2008, 445/28 തിയ്യതി 20.03.2009 ആയത് കേരള സംസ്ഥാന ഓഡിറ്റ് വിഭാഗം പരിശോധന നടത്തിയിരുന്നുവെങ്കിലും പരാമര്ശം ഒഴിവാക്കിയതായുള്ള അറിയിപ്പ് ലഭ്യമായിട്ടില്ല എന്ന വിവരം ബോധിപ്പിക്കുന്നു. |
| 1998-99 | 38(1) | 2002-03 | VII 12.3(iii) | വിനോദനികുതി ബാക്കി ടിക്കറ്റുകൾ | വിനോദനികുതിയിനത്തിൽ പഞ്ചായത്തിന് നഷ്ടം വന്ന 3938/- |

| | | | | | |
|---|---|---|---|---|---|
| | | | | തിരിച്ചേൽപ്പിക്കാത്തതുമൂലം നഷ്ടം<br><br>പാടിച്ചിറ പ്രതീക്ഷ ടാക്കീസിൽ 18.02.99 മുതൽ 25.02.99 വരെ വിനോദനികുതിയിൽ നിന്നും ഇളവ് അനുവദിച്ച സിനിമ പ്രദർശിപ്പിക്കുന്നതിന് പുതിയ സീരീസിലുള്ള 3000 ടിക്കറ്റുകൾ (10 ത 2000, 8 ത 500, 5 ത 500) സീൽ ചെയ്ത് നൽകിയിരുന്നു. അവയിൽ നിന്നും വിറ്റ ടിക്കറ്റുകൾ കഴിച്ച് ബാക്കിയുള്ളവ തിരിച്ചേൽപ്പിക്കാതെ (10 രൂപയുടെ 1145-ഉം, 8 രൂപയുടെ 154-ഉം, 5 രൂപയുടെ 13-ഉം ടിക്കറ്റുകൾ മാത്രം ടി സിനിമയ്ക്ക് ഉപയോഗിച്ചതായി കാണുന്നു.) തുടർന്ന് വിൽപന നടത്തുക വഴി പഞ്ചായത്ത് ഫണ്ടിന് വിനോദ നികുതിയിനത്തിൽ മൊത്തം 3938/- രൂപ നഷ്ടപ്പെട്ടിട്ടുണ്ട്. | രൂപ പലിശ സഹിതം ഉത്തരവാദിയായ ശ്രീ പി കേശവൻ എന്നവരിൽ നിന്നും ഈടാക്കുന്നതിന് 21/10/2008 തിയ്യതിയിൽ എ4-2510/08 നമ്പർ പ്രകാരം റവന്യൂ റിക്കവറി നടപടിക്ക് അപേക്ഷിച്ചിരുന്നുവെങ്കിലും പലിശ അടവ് വരാത്തതിനെ തുടർന്ന് ആയതിൻറെ പലിശക്കൂടി ഈടാക്കുന്നതിനുള്ള നടപടിക്കായി വൈത്തിരി തഹസിൽദാർക്ക് ന്ൽകുകയും ചെയ്തിരുന്നു.<br>ആയതിൻറെനിലവിലെ സ്ഥിതി അറിയുന്നതിന് 24/07/2017, 21/11/2017 തിയ്യതികളിൽ അമ്പലവയൽ റവന്യൂ റിക്കവറി തഹസിൽദാർക്ക് കത്ത് നൽകിയതിന്, ടിയാൻറെ പേരിൽ സ്ഥാവര ജംഗമ സ്വത്തുക്കൾ ഇല്ലെന്ന് കണിയാമ്പറ്റ വില്ലേജ് ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ടെങ്കിലും വിശദമായ റിപ്പോർട്ട് സമർപ്പിക്കുവാൻ വില്ലേജ് ഓഫീസറോട് ആവശ്യപ്പെട്ടിട്ടുള്ളതായി അമ്പലവയൽ തഹസിൽദാർ 23/11/2017 തിയ്യതിയിലെ ഡി-1954/17-18/പഞ്ചായത്ത്(2) നമ്പർ കത്ത് പ്രകാരം അറിയിച്ചിരുന്നു. എന്നാൽ തുടർമറുപടി ലഭ്യമാകാത്തതിനെ തുടർന്ന് 19/03/2019 തിയ്യതിയിലെ എസ്.സി2-7582/16 നമ്പർ പ്രകാരം അമ്പലവയൽ റവന്യൂ റിക്കവറി തഹസിൽദാർക്ക് കത്ത് നൽകിയിട്ടുള്ള വിവരം ബോധിപ്പിക്കുന്നു. |
| 1998-99 | 39 | 2002-2003 | VII 12.3(iv) | മണൽ വില്പനയിലെ ക്രമക്കേടുകൾ വൻനഷ്ടം | ഉത്തരവാദിയായ സെക്രട്ടറി ശ്രീ. കെ.എം. രവീന്ദ്രൻ എന്നവരില്നിഷന്നും തുക ഈടാക്കുന്നതിന് 16.07.2008 തിയ്യതിയിൽ റവന്യൂ റിക്കവറി നടപടി സ്വീകരിക്കു ന്നതിന് അപേക്ഷ നല്കി6യിട്ടുള്ളതും ഇതിനെതിരെ ടിയാൻ ഡബ്ലിയു.പി.സി 37588/2008 നമ്പറായി ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയും ചെയ്തിരുന്നു. കേസ് കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിലേക്ക് ടി എ 3125/12 നമ്പറായി മാറ്റുകയും റവന്യൂ |

| | | | | | |
|---|---|---|---|---|---|
| | | | | | റിക്കവറി തുടരുന്നതിന് ട്രൈബ്യൂണൽ ഉത്തരവായതിനെ തുടര്ന്ന്യ 22/10/2018 ന് ഓണ്ലൈ ൻ റവന്യൂ റിക്കവറി റിക്വസിഷൻ സമര്പ്പി ച്ചിട്ടുണ്ടെന്ന് ബോധിപ്പിക്കുന്നു. |
| 1998-99 | 49 | 2002-03 | VII-.12.3.(v) | കർഷകതൊഴിലാളി പെൻഷൻ തിരിച്ചുവന്ന തുക ബന്ധപ്പെട്ട ഫണ്ടിൽ അടച്ചില്ല | ഉത്തരവാദിയായ ശ്രീ. കേശവൻ സെക്രട്ടറിയുടെ പേരിൽ കർഷക തൊഴിലാളി പെൻഷൻ തിരിച്ച് വന്ന തുക 2500/- രൂപയും 18% പലിശ 4200/- രൂപയും ഉൾപ്പെടെ ആകെ 6700/- രൂപ ഈടാക്കുന്നതിനായി റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതിനുള്ള റിക്വിസിഷൻ ഓൺലൈൻ മുഖേന 16.08.2012 ന് ബഹു.ജില്ലാ കളക്ടർക്ക് അപേക്ഷ സമർപ്പിക്കുകയും ആയത് സംബന്ധിച്ച് തുടർനടപടിക്കായി ആർ.ആർ.സർട്ടിഫിക്കറ്റ് വൈത്തിരി തഹസിൽദാർക്ക് ന്ൽകുകയും ചെയ്തിട്ടു ണ്ട്. ആയതിൻറെ നിലവിലെ സ്ഥിതി അറിയുന്നതിന് 24/07/2017, 21/11/2017 തിയ്യതികളിൽ അമ്പലവയൽ റവന്യൂ റിക്കവറി തസിൽദാർക്ക് കത്ത് നൽകിയതിന്, ടിയാൻറെ പേരിൽ സ്ഥാവര ജംഗമ സ്വത്തുക്കൾ ഇല്ലെന്ന് കണിയാമ്പറ്റ വില്ലേജ് ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ടെങ്കിലും വിശദമായ റിപ്പോർട്ട് സമർപ്പിക്കുവാൻ വില്ലേജ് ഓഫീസറോട് ആവശ്യപ്പെട്ടിട്ടുള്ളതായി അമ്പലവയൽ തഹസിൽദാർ അറിയിച്ചിട്ടുള്ള വിവരം ബോധിപ്പിക്കുന്നു. |
| 1998-99 | 51 | 2002-03 | VII-12.3.(vi) | ചെറ്റപ്പാലം-സീതാമൗണ്ട് റോഡ് - തുക അധികം നല്കി | റവന്യൂ റിക്കവറി നടപടി സ്വീകരിക്കുന്നതിനായി 04/10/2009 ലെ എ4-2510/08-നമ്പർ കത്ത് പ്രകാരം ജില്ലാ കളക്ടർക്ക് അപേക്ഷ നൽകി. പ്രസ്തുത റവന്യൂ റിക്കവറി നടപടിക്കെതിരെ ഉത്തരവാദിയായ മുൻ സെക്രട്ടറി ശ്രീ.പി.കേശവൻ ജില്ലാ കോടതിയിൽ ഒ.പി.34/2011 നമ്പറായി കേസ് ഫയൽ ചെയ്യുകയും, ടിയാൻ യഥാസമയം കോടതിയിൽ ഹാജരാകാത്ത തിനെ തുടർന്ന് പഞ്ചായത്തിന് അനുകൂലമായി വിധി |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | പ്രഖ്യാപിക്കുകയും ചെയ്ത സാഹചര്യത്തിൽ ടിയാൻ വീണ്ടും അപ്പീൽ നൽകിയിട്ടുള്ളതും ആയത് കോടതി തള്ളുകയും ചെയ്തതിനെ തുടർന്ന് 08/11/2016 ന് റവന്യൂ റിക്കവറി തുടരുന്നതിന് അമ്പലവയൽ തഹസിൽദാർക്ക് കത്ത് നൽകിയിരുന്നു. ആയതിൻറെ നിലവിലെ സ്ഥിതി അറിയുന്നതിന് 24/07/2017, 21/11/2017 തിയ്യതികളിൽ അമ്പലവയൽ റവന്യൂ റിക്കവറി തസിൽദാർക്ക് കത്ത് നൽകിയതിന്, ടിയാൻറെ പേരിൽ സ്ഥാവര ജംഗമ സ്വത്തുക്കൾ ഇല്ലെന്ന് കണിയാമ്പറ്റ വില്ലേജ് ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ടെങ്കിലും വിശദമായ റിപ്പോർട്ട് സമർപ്പിക്കുവാൻ വില്ലേജ് ഓഫീസറോട് ആവശ്യപ്പെട്ടിട്ടുള്ളതായി അമ്പലവയൽ തഹസിൽദാർ അറിയിച്ചിട്ടുള്ള വിവരം ബോധിപ്പിക്കുന്നു. |
| 1999-00 | 36<br>37 | 2003-04 | 3.12.3 | | തൊഴിൽ നികുതി കുടിശ്ശിക ഈടാക്കിയില്ല | നോട്ടീസ് നല്കിനയവരിൽ ശ്രീ ടി സചീന്ദ്രൻ,ശ്രീ മണി സി,ശ്രീ മാനുവൽ കൊറിയ,ശ്രീ ടി കെ അശോകൻ,ശ്രീ പി എൻ രാംദാസ് എന്നീ 5 പേർ ബാധ്യതയില്നിശന്ന് ഒഴിവാക്കിത്തരണമെന്ന് അഭ്യര്ത്ഥിച്ച് സമര്പ്പി ച്ച മറുപടി 21/11/2011 തിയ്യതിയിലെ എ4-14761/11 നമ്പർ കത്ത് പ്രകാരം ബഹു. വയനാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടര്ക്ക്ക സമര്പ്പി ച്ചിട്ടുള്ളതാണെങ്കിലും തുടർ അറിയിപ്പുകൾ ലഭ്യമായിട്ടില്ല.വയനാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറായി വിരമിച്ച മുൻ സെക്രട്ടറി ശ്രീ.കെ. സുരേഷ് എന്നവര്ക്ക്് തൊഴില്നികുതി ഇനത്തിൽ കുടിശ്ശികയായ 1519/- രൂപയും ആയതിന്റെ പിഴപ്പലിശയായ 3220/- രൂപയും ഉള്പ്പെടുത്തി ആകെ 4739/- രൂപയുടെ ബാധ്യത സര്ട്ടിപഫിക്കറ്റ് ബഹു. പഞ്ചായത്ത് ഡയറക്ടര്ക്ക് നല്കിേയതിന്, ടിയാന് സീനിയർ സൂപ്രണ്ട്, പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ,പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ എന്നീ |

| | | | | | |
|---|---|---|---|---|---|
| | | | | | തസ്തികകളിലേക്ക് നല്കീയ പ്രൊമോഷനുകൾ ക്രമവല്ക്കരിക്കുന്നതിനായുള്ള അപേക്ഷ സര്ക്കാ്രിന്റെയ പരിഗണനയിൽ ആയതിനാൽ ടിയാന് താത്കാലിക പെന്ഷ ൻ മാത്രമേ അനുവദിച്ചിട്ടുള്ളൂവെന്നും ടിയാന്റെി വകുപ്പുതല ബാദ്ധ്യത തിട്ടപ്പെടുത്തിയിട്ടില്ലായെന്ന വിവരവും 17/12/2011 തിയ്യതിയിലെ എച്ച്2-16212/2010 നമ്പർ കത്ത് പ്രകാരം ബഹു. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചിട്ടുള്ളതാണെങ്കിലും തുടർ അറിയിപ്പുകൾ ലഭ്യമായിട്ടില്ല.<br><br>ബാധ്യത തിട്ടപ്പെടുത്തി നല്കി യിട്ടുള്ളവരിൽ മുൻ സെക്രട്ടറി ശ്രീ ടി.പി. ബാലൻ മരണപ്പെട്ടതായി അറിയാൻ കഴിഞ്ഞിട്ടുണ്ട്.<br><br>ശ്രീ. കെ. എം. രവീന്ദ്രൻ , എന്നവർ കല്പ്പറ്റ ജില്ലാ കോടതിയിൽ കേസ് ഫയൽ ചെയ്തിരുന്നുവെങ്കിലും കേസ് ഡിസ്മിസ് ചെയ്തതിനാൽ ടിയാന്റെറ ബാദ്ധ്യതയായി തിട്ടപ്പെടുത്തിയ 61734/- രൂപ പലിശ സഹിതം ഈടാക്കുന്നതിന് 30/11/2018 ലെ 2018/2602/12 നമ്പർ റിക്വസിഷൻ പ്രകാരം ഓണ്ലൈകൻ റവന്യൂ റിക്കവറി റിക്വസിഷൻ സമര്പ്പി ച്ചിട്ടുള്ള വിവരം ബോധിപ്പിക്കുന്നു.<br><br>ശ്രീ എം എം അബ്ദുൾ റഹ്മാൻ എന്നവര്ക്ക്് ബാദ്ധ്യതയായി തിട്ടപ്പെടുത്തിയ 19028/- രൂപ പലിശ സഹിതം ഈടാക്കുന്നതിന് 30/11/2018 ലെ 2018/2600/12 നമ്പർ റിക്വസിഷൻ പ്രകാരം ഓണ്ലൈ0ൻ റവന്യൂ റിക്കവറി റിക്വസിഷൻ സമര്പ്പി ച്ചിട്ടുള്ള വിവരം ബോധിപ്പിക്കുന്നു.ആയതിനെതിരെ ടിയാൻ ഹൈക്കോടതിയിൽ WPC/5533/19 നമ്പർ കേസ് ഫയൽ ചെയ്തിട്ടുണ്ട്.<br><br>ശ്രീ പി കേശവൻ എന്നവര്ക്ക്് ബാദ്ധ്യതയായി തിട്ടപ്പെടുത്തിയ 6154/- രൂപ പലിശ സഹിതം ഈടാക്കുന്നതിന് 30/11/2018 ലെ 2018/2601/12 നമ്പർ റിക്വസിഷൻ പ്രകാരം ഓണ്ലൈ/ൻ റവന്യൂ |

| | | | | | |
|---|---|---|---|---|---|
| | | | | | റിക്കവറി റിക്വസിഷൻ സമർപ്പി ച്ചിട്ടുള്ള വിവരം ബോധിപ്പിക്കുന്നു. |
| 1999-00 | 62 | 2003-04 | 3.12.5.1 | പെരിക്കല്ലൂർ വെട്ടത്ത് കവല റോഡ് സോളിംഗ് - പ്രവൃത്തിക്ക് അധികം കൊടുത്ത 27863/-രൂപ ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവ് വരുത്തേണ്ടതാണ്. | ഉത്തരവാദിയായ മുൻ അസിസ്റ്റൻറ് എഞ്ചിനീയർ ശ്രീ കെ കെ തോമസ്, S/o കുര്യാക്കോസ്, കോയിക്കാട്ടിൽ വീട്,നടവയൽ പി ഒ എന്നവരിൽ നിന്നും തുക വസൂലാക്കുന്നതിന് 18/01/2018 ലെ 2018/85/12, 2018/87/12, 2018/88/12, നമ്പറുകൾ പ്രകാരം റവന്യൂ റിക്കവറി റിക്വസിഷൻ സമർപ്പിച്ചിരുന്നുവെങ്കിലും,ടി ഖണ്ഡികയിലെ ബാധ്യതയിൽ നിന്നും ടിയാനെ ഒഴിവാക്കിയതായി ടിയാൻ അറിയിച്ചതിനെ തുടർന്ന് സ്പഷ്ടീകരണം ആവശ്യപ്പെട്ടതില്, ടി ഖണ്ഡികയിലെ നഷ്ടത്തിനുത്തരവാദി മുൻ സെക്രട്ടറി ശ്രീ പി കേശവൻ എന്നവരാണെന്ന് ബഹു. വയനാട് ജില്ലാ ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറുടെ 26/04/2018 തിയ്യതിയിലെ കെ.എസ്.എ(ഡബ്ല്യൂ.വൈ.ഡി)പി3-209/2018 നമ്പർ കത്ത് പ്രകാരം അറിയിച്ചു. ആയതിനെ തുടർന്ന് 07/12/2018 ലെ 4/18 നമ്പർ ഭരണസമിതി തീരുമാന പ്രകാരം നഷ്ടത്തിനുത്തരവാദിയായി പുതുക്കി നിശ്ചയിച്ച ജീവനക്കാർക്ക് തുക അടവാക്കുന്നതിന് നോട്ടീസ് നൽകുവാനും തുക ലഭ്യമാക്കാത്ത പക്ഷം റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചിട്ടുമുണ്ട്.ടി സാഹചര്യത്തിൽ മേൽ പരാമർശിച്ച തുക അടിയന്തിരമായി 12% പലിശ സഹിതം ഗ്രാമപഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണെന്നും അല്ലാത്ത പക്ഷം തുക വസൂലാക്കുന്നതിനായി റവന്യൂ റിക്കവറി നടപടി സ്വീകരിക്കുന്നതാണെന്നും ആയതിന് ടിയാന് എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ഈ കത്ത് ലഭിച്ച് 15 ദിവസത്തിനകം ഈ ഓഫീസിൽ ലഭ്യമാക്കണമെന്നും അല്ലാത്ത പക്ഷം താങ്കൾക്ക് ഒന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ തുടർ നടപടികൾ |

| | | | | | |
|---|---|---|---|---|---|
| | | | | | സ്വീകരിക്കുന്നതാണെന്നും 18/12/2018 തിയ്യതിയിലെ എസ്.സി2-7579/17 നമ്പർ കത്ത് പ്രകാരം അറിയിപ്പ് നൽകിയിട്ടുണ്ട്.ആയതിന് ടിയാൻ സമര്പ്പി ച്ച മറുപടി ഓഡിറ്റ് വകുപ്പിന് സമര്പ്പിക്കുന്നതിനും, ഓഡിറ്റ് വകുപ്പിൽ നിന്നും മറുപടി ലഭ്യമാകുന്ന മുറക്ക് തുടര്നപടപടി സ്വീകരിക്കുന്നതിന് 27/03/19 ലെ 2/19 ഭരണസമിതി തീരുമാന പ്രാകരം സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചതിനെ തുടർന്ന് 27/03/19 ലെ SC2-7579/17 നമ്പർ കത്ത് പ്രകാരം ടിയാൻ സമര്പ്പി ച്ച മറുപടി ഓഡിറ്റ് വകുപ്പിന് സമര്പ്പിച്ചു.62,65,66 ഖണ്ഡികകളുടെ പ്രാദേശിക പരിശോധന റിപ്പോർട്ട് നിലനിൽക്കുന്നതായും,ടി ഖണ്ഡികകൾ നിയമസഭാസമിതിയുടെ പരിഗണനയിലായതിനാൽ നിയമസഭാ സമിതിയുടെ തീർപ്പിന് വിധേയമായി ഭരണ വകുപ്പിന് ഉചിതമായ നടപടികൾ സ്വീകരിക്കാവുന്നതാണെന്ന് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ച സാഹചര്യത്തിൽ ടിയാൻറെ മറുപടി നിയമസഭാ സമിതി മുമ്പാകെ സമർപ്പിക്കുന്നതാണ്. |
| 1999-00 | 65 | 2003-04 | 3.12.5.2 | മാടൽപ്പാലം കുടിയാൻമല റോഡ് സോളിംഗ്-പ്രവൃത്തിക്ക് അധികം കൊടുത്ത 45058/-രൂപ ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കേണ്ടതാണ്. | ഉത്തരവാദിയായ മുൻ അസിസ്റ്റൻറ് എഞ്ചിനീയർ ശ്രീ കെ കെ തേമസ്, S/o കുര്യാക്കോസ്, കോയിക്കാട്ടിൽ വീട്,നടവയൽ പി ഒ എന്നവരിൽ നിന്നും തുക വസൂലാക്കുന്നതിന് 18/01/2018 ലെ 2018/85/12, 2018/87/12, 2018/88/12, നമ്പറുകൾ പ്രകാരം റവന്യൂ റിക്കവറി റിക്വസിഷൻ സമർപ്പിച്ചിരുന്നുവെങ്കിലും,ടി ഖണ്ഡികയിലെ ബാധ്യതയിൽ നിന്നും ടിയാനെ ഒഴിവാക്കിയതായി ടിയാൻ അറിയിച്ചതിനെ തുടർന്ന് സ്പഷ്ടീകരണം ആവശ്യപ്പെട്ടതില്, ടി ഖണ്ഡികയിലെ നഷ്ടത്തിനുത്തരവാദി മുൻ സെക്രട്ടറി ശ്രീ പി കേശവൻ എന്നവരാണെന്ന് ബഹു. വയനാട് ജില്ലാ ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറുടെ 26/04/2018 |

| | | | | | |
|---|---|---|---|---|---|
| | | | | | തിയ്യതിയിലെ കെ.എസ്.എ(ഡബ്ല്യൂ.വൈ.ഡി)പി3-209/2018 നമ്പർ കത്ത് പ്രകാരം അറിയിച്ചു. ആയതിനെ തുടർന്ന് 07/12/2018 ലെ 4/18 നമ്പർ ഭരണസമിതി തീരുമാന പ്രകാരം നഷ്ടത്തിനുത്തരവാദിയായി പുതുക്കി നിശ്ചയിച്ച ജീവനക്കാർക്ക് തുക അടവാക്കുന്നതിന് നോട്ടീസ് നൽകുവാനും തുക ലഭ്യമാക്കാത്ത പക്ഷം റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചിട്ടുമുണ്ട്.ടി സാഹചര്യത്തിൽ മേൽ പരാമർശിച്ച തുക അടിയന്തിരമായി 12% പലിശ സഹിതം ഗ്രാമപഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണെന്നും അല്ലാത്ത പക്ഷം തുക വസൂലാക്കുന്നതിനായി റവന്യൂ റിക്കവറി നടപടി സ്വീകരിക്കുന്നതാണെന്നും ആയതിന് ടിയാന് എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ഈ കത്ത് ലഭിച്ച് 15 ദിവസത്തിനകം ഈ ഓഫീസിൽ ലഭ്യമാക്കണമെന്നും അല്ലാത്ത പക്ഷം താങ്കൾക്ക് ഒന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്നും 18/12/2018 തിയ്യതിയിലെ എസ്.സി2-7579/17 നമ്പർ കത്ത് പ്രകാരം അറിയിപ്പ് നൽകിയിട്ടുണ്ട്.ആയതിന് ടിയാൻ സമര്പ്പി ച്ച മറുപടി ഓഡിറ്റ് വകുപ്പിന് സമര്പ്പിക്കുന്നതിനും, ഓഡിറ്റ് വകുപ്പിൽ നിന്നും മറുപടി ലഭ്യമാകുന്ന മുറക്ക് തുടര്നപടപടി സ്വീകരിക്കുന്നതിന് 27/03/19 ലെ 2/19 ഭരണസമിതി തീരുമാന പ്രാകരം സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചതിനെ തുടർന്ന് 27/03/19 ലെ SC2-7579/17 നമ്പർ കത്ത് പ്രകാരം ടിയാൻ സമര്പ്പി ച്ച മറുപടി ഓഡിറ്റ് വകുപ്പിന് സമര്പ്പിച്ചു.62,65,66 ഖണ്ഡികകളുടെ പ്രാദേശിക പരിശോധന റിപ്പോർട്ട് നിലനിൽക്കുന്നതായും,ടി ഖണ്ഡികകൾ നിയമസഭാസമിതിയുടെ |

| | | | | | |
|---|---|---|---|---|---|
| | | | | | പരിഗണനയിലായതിനാൽ നിയമസഭാ സമിതിയുടെ തീർപ്പിന് വിധേയമായി ഭരണ വകുപ്പിന് ഉചിതമായ നടപടികൾ സ്വീകരിക്കാവുന്നതാണെന്ന് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ച സാഹചര്യത്തിൽ ടിയാൻറെ മറുപടി നിയമസഭാ സമിതി മുമ്പാകെ സമർപ്പിക്കുന്നതാണ്. |
| 1999-00 | 66 | 2003-04 | 3.12.5.3 | പാറക്കടവ് കുടിവെള്ള പദ്ധതി-അധികം കൈവശം വെച്ച 13583/ രൂപ ഓഡിറ്റിൽ അനുവദനീയമല്ലാത്ത ചെലവുകളിൽപ്പെടുത്തുന്നു. | ഉത്തരവാദിയായ മുൻ അസിസ്റ്റൻറ് എഞ്ചിനീയർ ശ്രീ കെ കെ തോമസ്, S/o കുര്യാക്കോസ്, കോയിക്കാട്ടിൽ വീട്,നടവയൽ പി ഒ എന്നവരിൽ നിന്നും തുക വസൂലാക്കുന്നതിന് 18/01/2018 ലെ 2018/85/12, 2018/87/12, 2018/88/12, നമ്പറുകൾ പ്രകാരം റവന്യൂ റിക്കവറി റിക്വസിഷൻ സമർപ്പിച്ചിരുന്നുവെങ്കിലും,ടി ഖണ്ഡികയിലെ ബാധ്യതയിൽ നിന്നും ടിയാനെ ഒഴിവാക്കിയതായി ടിയാൻ അറിയിച്ചതിനെ തുടർന്ന് സ്പഷ്ടീകരണം ആവശ്യപ്പെട്ടതില്, ടി ഖണ്ഡികയിലെ നഷ്ടത്തിനുത്തരവാദി മുൻ സെക്രട്ടറി ശ്രീ എം എം അബ്ദുൾ റഹ്മാൻ എന്നവരാണെന്ന് ബഹു. വയനാട് ജില്ലാ ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറുടെ 26/04/2018 തിയ്യതിയിലെ കെ.എസ്.എ(ഡബ്ല്യൂ.വൈ.ഡി)പി3-209/2018 നമ്പർ കത്ത് പ്രകാരം അറിയിച്ചു.ആയതിനെ തുടർന്ന് 07/12/2018 ലെ 4/18 നമ്പർ ഭരണസമിതി തീരുമാന പ്രകാരം നഷ്ടത്തിനുത്തരവാദിയായി പുതുക്കി നിശ്ചയിച്ച ജീവനക്കാർക്ക് തുക അടവാക്കുന്നതിന് നോട്ടീസ് നൽകുവാനും തുക ലഭ്യമാക്കാത്ത പക്ഷം റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചിട്ടുമുണ്ട്.ടി സാഹചര്യത്തിൽ മേൽ പരാമർശിച്ച തുക അടിയന്തിരമായി 12% പലിശ സഹിതം ഗ്രാമപഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണെന്നും അല്ലാത്ത പക്ഷം തുക വസൂലാക്കുന്നതിനായി റവന്യൂ റിക്കവറി നടപടി സ്വീകരിക്കുന്നതാണെന്നും |

| | | | | | |
|---|---|---|---|---|---|
| | | | | | ആയതിന് ടിയാന് എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ഈ കത്ത് ലഭിച്ച് 15 ദിവസത്തിനകം ഈ ഓഫീസിൽ ലഭ്യമാക്കണമെന്നും അല്ലാത്ത പക്ഷം താങ്കൾക്ക് ഒന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്നും 18/12/2018 തിയ്യതിയിലെ എസ്.സി2-7579/17 നമ്പർ കത്ത് പ്രകാരം അറിയിപ്പ് നൽകിയിട്ടുണ്ട്.ആയതിന് ടിയാൻ സമര്പ്പി ച്ച മറുപടി ഓഡിറ്റ് വകുപ്പിന് സമര്പ്പിക്കുന്നതിനും, ഓഡിറ്റ് വകുപ്പിൽ നിന്നും മറുപടി ലഭ്യമാകുന്ന മുറക്ക് തുടര്നപടപടി സ്വീകരിക്കുന്നതിന് 27/03/19 ലെ 2/19 ഭരണസമിതി തീരുമാന പ്രാകരം സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചതിനെ തുടർന്ന് 27/03/19 ലെ SC2-7579/17 നമ്പർ കത്ത് പ്രകാരം ടിയാൻ സമര്പ്പി ച്ച മറുപടി ഓഡിറ്റ് വകുപ്പിന് സമര്പ്പിച്ചു.62,65,66 ഖണ്ഡികകളുടെ പ്രാദേശിക പരിശോധന റിപ്പോർട്ട് നിലനിൽക്കുന്നതായും,ടി ഖണ്ഡികകൾ നിയമസഭാസമിതിയുടെ പരിഗണനയിലായതിനാൽ നിയമസഭാ സമിതിയുടെ തീർപ്പിന് വിധേയമായി ഭരണ വകുപ്പിന് ഉചിതമായ നടപടികൾ സ്വീകരിക്കാവുന്നതാണെന്ന് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ച സാഹചര്യത്തിൽ ടിയാൻറെ മറുപടി നിയമസഭാ സമിതി മുമ്പാകെ സമർപ്പിക്കുന്നതാണ്. |
| 1999-00 | 70 | 2003-04 | 3.12.5.4 | ചെറ്റപ്പാലം-സീതാമൗണ്ട് റോഡ് - തുക അധികം നല്കിട<br><br>പ്രസ്തുത പണിയ്ക്ക് 11.01.99-ൽ 24.9% അധിക നിരക്കിൽ ടെണ്ടർ സമര്പ്പി ച്ച മാനന്തവാടി മൈനിംഗ് & മരാമത്ത് വര്ക്കേ ഴ്സ് സഹകരണ സംഘം 27.01.99-ൽ എഗ്രിമെന്റ് വയ്ക്കുന്ന സമയത്ത് 30% അധിക നിരക്ക് | ഉത്തരവാദിയായ മുൻ സെക്രട്ടറി ശ്രീ പി കേശവൻ, വിഷ്ണുഭവൻ, പനങ്കണ്ടി പി ഒ എന്നവരിൽ നിന്നും തുക വസൂലാക്കുന്നതിന് 04.10.2009 ലെ എ4-2510/08 നമ്പർ റവന്യൂ റിക്കവറി റിക്വസിഷൻ സമർപ്പിച്ചിരുന്നു. കണിയാമ്പറ്റ വില്ലേജിൽ ടിയാന് സ്ഥാവര ജംഗമ സ്വത്തുക്കൾ ഇല്ലായെന്ന് കണിയാമ്പറ്റ വില്ലേജ് ഓഫീസർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടെങ്കിലും ടി വിഷയത്തിൽ കൂടുതൽ |

| | | | | | |
|---|---|---|---|---|---|
| | | | | ആവശ്യപ്പെടുകയും അതനുസരിച്ച് അന്തിമ ബില്ലിൽ ആകെ മൂല്യത്തിന്റെ കൂടെ 30% അധിക നിരക്ക് കൂട്ടിയാണ് തുക നല്കിറയത്. അംഗീകരിച്ച ടെണ്ടറിൽ നിന്നും വ്യത്യസ്തമായി (24.9%-ന് പകരം 30%) തുക നല്കിുയതുമൂലം പഞ്ചായത്ത് ഫണ്ടിന് മൊത്തം 36,247/- രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. | അന്വേഷണം ആവശ്യമായതിനാൽ വിശദമായ റിപ്പോർട്ട് സമർപ്പിക്കുവാൻ വില്ലേജ് ഓഫീസറോട് ആവശ്യപ്പെട്ടിട്ടുണ്ടെന്ന് അമ്പലവയൽ തഹസിൽദാർ അറിയിച്ചിട്ടുള്ള വിവരം ബോധിപ്പിക്കുന്നു |
| 1999-00 | 71 | 2003-04 | 3.12.5.5 | ആയുർവേദാശുപത്രി വൈദ്യുതീകരണം-ടി പ്രവൃത്തിക്ക് അധികം പിൻവലിച്ച 20500/-രൂപ ഓഡിറ്റിൽ അനുവദനീയമല്ലാത്ത ചെലവിൽപ്പെടുത്തുന്നു. | ഉത്തരവാദിയായ മുൻ സെക്രട്ടറി ശ്രീ കെ കെ അബ്ദുൾ റഹ്മാൻ,മാങ്ങാട്ട് വീട്,പാലാരിമംഗലം പി ഒ,എറണാകുളം ജില്ല എന്നവരിൽ നിന്നും 20500/-രൂപയുടെ പലിശയടക്കം 64328/-രൂപ വസൂലാക്കുന്നതിന് 18/01/2018 ലെ 2018/81/12 നമ്പർ പ്രകാരം റവന്യൂ റിക്കവറി റിക്വസിഷൻ സമർപ്പിക്കുകയും ആയതിൽ 15/12/2018 വരെ 55336/-രൂപ അടവ് വന്നിട്ടുമുള്ള വിവരം ബോധിപ്പിക്കുന്നു. |
| 2000-01 | 15(1)<br>15(2) | 2004-05 | 3.12.3.1 | തിരിച്ചടച്ച സമാഹരണ മുൻകൂറിന് പിഴപലിശ ചുമത്തിയില്ല | കടമാൻതോട് തടയണ എന്ന പ്രവർത്തിയുടെ കൺവീനറായ ശ്രീ. ജോർജ്ജ് തോമസ്, കണ്ടംഠുരുത്തിയിൽ എന്നവർക്ക് 87500/- രൂപ നൽകിയതിൽ 75000/- രൂപ 31.03.2002 തിയ്യതിയിൽ തിരിച്ചടച്ചിരുന്നു. ബാക്കിവരുന്ന 12500/- രൂപ പിഴപ്പലിശ സഹിതം ഈടാക്കുന്നതിന് റവന്യൂ റിക്കവറി പ്രകാരം ബഹു. ജില്ലാ കളക്ടർക്ക് അപേക്ഷ നൽകി. അതിൻറെ അടിസ്ഥാനത്തിൽ 33580/- രൂപ പാടിച്ചിറ വില്ലേജ് ഓഫീസർ മുഖേന പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിട്ടുണ്ട്.<br>പലിശയിനത്തിൽ അടവാക്കാനുള്ള ബാക്കി തുകയ്ക്ക് 09/01/2015 തിയ്യതിയിൽ കത്ത് നൽകുകയും ആയത് പ്രകാരം 18/03/2015 തിയ്യതിയിൽ 18242/- രൂപ 11401106770 നമ്പർ രസീത് പ്രകാരം പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയിട്ടുമുള്ള സാഹചര്യത്തിൽ |

| | | | | | |
|---|---|---|---|---|---|
| | | | | | പരാമർശം ഒഴിവാക്കണമെന്ന് ബോധിപ്പി ക്കുന്നു. |
| 2000-01 | 10 | 2004-05 | 3.12.3.2 | ഇന്ദിരാവികാസ് പത്ര- 10000/- രൂപ അപഹരിച്ചു | ഉത്തരവാദിയായ മുൻ സെക്രട്ടറി എം എം അബ്ദുൾ റഹ്മാൻ എന്നവരിൽ നിന്നും തുക റവന്യൂ റിക്കവറി മുഖേന ഈടാക്കുന്നതിന് യൂസർ ഐ ഡിയും പാസ് വേഡും അയച്ചുതരുന്നതിന് എറണാകുളം ജില്ലാകളക്ടർക്ക് അപേക്ഷ സമർപ്പിച്ചിരുന്നുവെങ്കിലും ലഭ്യമായിരുന്നില്ല. റവന്യൂ റിക്കവറി സോഫ്റ്റ് വെയർ ഓൺലൈൻ ആയതിനെ തുടർന്ന് 30/11/2018 ലെ 2018/2597/12 നമ്പർ റിക്വസിഷൻ പ്രകാരം തുക പലിശ സഹിതം ഈടാക്കുന്നതിന് ഓൺലൈൻ റിക്വസിഷൻ സമർപ്പിച്ചിട്ടുള്ള വിവരം ബോധിപ്പിക്കുന്നു.ആയതിനെതിരെ ടിയാൻ ഹൈക്കോടതിയിൽ WPC/5533/19 നമ്പർ കേസ് ഫയൽ ചെയ്തിട്ടുണ്ട്. |
| 2000-01 | 23(A)<br>24(1)<br>24(2) | 2004-05 | 3.12.3.3 | പെൻഷൻ , വേതന തുകകൾ അപഹരിച്ചു. | ഉത്തരവാദിയായ മുൻ സെക്രട്ടറി എം എം അബ്ദുൾ റഹ്മാൻ എന്നവരിൽ നിന്നും തുക റവന്യൂ റിക്കവറി മുഖേന ഈടാക്കുന്നതിന് യൂസർ ഐ ഡിയും പാസ് വേഡും അയച്ചുതരുന്നതിന് എറണാകുളം ജില്ലാകളക്ടർക്ക് അപേക്ഷ സമർപ്പിച്ചിരുന്നുവെങ്കിലും ലഭ്യമായിരുന്നില്ല. റവന്യൂ റിക്കവറി സോഫ്റ്റ് വെയർ ഓൺലൈൻ ആയതിനെ തുടർന്ന് 30/11/2018 ലെ 2018/2598/12 നമ്പർ റിക്വസിഷൻ പ്രകാരം തുക പലിശ സഹിതം ഈടാക്കുന്നതിന് ഓൺലൈൻ റിക്വസിഷൻ സമർപ്പിച്ചിട്ടുള്ള വിവരം ബോധിപ്പിക്കുന്നു.ആയതിനെതിരെ ടിയാൻ ഹൈക്കോടതിയിൽ WPC/5533/19 നമ്പർ കേസ് ഫയൽ ചെയ്തിട്ടുണ്ട്. |
| 2001-02 | 14 | 2004-05 | 3.12.3.4 | മരാമത്ത് വേലക്ക് അവസാന ബില്ല് തീർപ്പാക്കിയ ശേഷം ചെലവ് | പാടിച്ചിറ പ്രൈമറി ഹെൽത്ത് സെൻറർ കെട്ടിട നിർമ്മാണത്തിന് അവസാന ബില്ല് തീർപ്പാക്കി നാല് മാസത്തിനുശേഷം ഗ്രാമപഞ്ചായത്ത് 40000/- രൂപ നൽകിയത് സംബന്ധിച്ച് തുക ഈടാക്കുന്നതിനുള്ള റവന്യൂ റിക്കവറി നടപടിക്കെതിരെ മുൻ സെക്രട്ടറി ശ്രീ. കെ.എം. രവീന്ദ്രൻ ഡബ്ല്യു.പി.സി. 12731/2009 നമ്പറായി കേരള |

| | | | | | |
|---|---|---|---|---|---|
| | | | | | ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുണ്ട്. റവന്യൂ റിക്കവറി നടപടി 24/04/2009 ലെ ഉത്തരവ് പ്രകാരം ബഹു.ഹൈക്കോടതി സ്റ്റേ ചെയ്തു. ടി കേസ് ടി.എ.-927/2013 നമ്പറായി കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിലേക്ക് മാറ്റി.ട്രൈബ്യൂണൽ റവന്യൂ റിക്കവറി റദ്ദാക്കി കേരള പബ്ലിക് അക്കൗണ്ട്സ് ആക്ട് 1963 പ്രകാരം തുക ഈടാക്കുന്നതിന് ഉത്തരവായിട്ടുണ്ട്.ടി വിഷയത്തിൽ സ്വീകരിക്കേണ്ട തുടർനടപടി സംബന്ധിച്ച് 29/11/2017 തിയ്യതി ബഹു. വയനാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറോട് സ്പഷ്ടീകരണം ആവശ്യപ്പെടുകയും, ആയതിന് തുടർനടപടി സ്വീകരിക്കേണ്ടത് ജില്ലാ കളക്ടറായതിനാൽ ജില്ലാ കളക്ടർക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണെന്ന് അറിയിച്ചതിനെ തുടർന്ന് ബഹു. വയനാട് ജില്ലാ കളക്ടർക്ക് 14/03/2018 ലെ എ4-7582/17 നമ്പർ കത്ത് പ്രകാരം അപേക്ഷിച്ചിട്ടുണ്ട് എന്ന വിവരം ബോധിപ്പിക്കുന്നു. |
| 1999-00 | 70 | 2004-05 | 3.12.3.5 | സഹകരണ സംഘത്തിന് ലാഭകരമായി ടെണ്ടർ അധികം നൽകി | റവന്യൂ റിക്കവറി നടപടി സ്വീകരിക്കുന്നതിനായി 04/10/2009 ലെ എ4-2510/08- നമ്പർ കത്ത് പ്രകാരം ജില്ലാ കളക്ടർക്ക് അപേക്ഷ നൽകി. പ്രസ്തുത റവന്യൂ റിക്കവറി നടപടിക്കെതിരെ ഉത്തരവാദിയായ മുൻ സെക്രട്ടറി ശ്രീ.പി.കേശവൻ ജില്ലാ കോടതിയിൽ ഒ.പി.34/2011 നമ്പറായി കേസ് ഫയൽ ചെയ്യുകയും, ടിയാൻ യഥാസമയം കോടതിയിൽ ഹാജരാകാത്ത തിനെ തുടർന്ന് പഞ്ചായത്തിന് അനുകൂലമായി വിധി പ്രഖ്യാപിക്കുകയും ചെയ്ത സാഹചര്യത്തിൽ ടിയാൻ വീണ്ടും അപ്പീൽ നൽകിയിട്ടുള്ളതും ആയത് കോടതി തള്ളുകയും ചെയ്തതിനെ തുടർന്ന് 08/11/2016 ന് റവന്യൂ റിക്കവറി തുടരുന്നതിന് അമ്പലവയൽ തഹസിൽദാർക്ക് കത്ത് നൽകിയിരുന്നു. ആയതിൻറെ നിലവിലെ സ്ഥിതി അറിയുന്നതിന് 24/07/2017, 21/11/2017 തിയ്യതികളിൽ അമ്പലവയൽ റവന്യൂ റിക്കവറി |

| | | | | | |
|---|---|---|---|---|---|
| | | | | | തസിൽദാർക്ക് കത്ത് നൽകിയതിന്, ടിയാൻറെ പേരിൽ സ്ഥാവര ജംഗമ സ്വത്തുക്കൾ ഇല്ലെന്ന് കണിയാമ്പറ്റ വില്ലേജ് ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ടെങ്കിലും വിശദമായ റിപ്പോർട്ട് സമർപ്പിക്കുവാൻ വില്ലേജ് ഓഫീസറോട് ആവശ്യപ്പെട്ടിട്ടുള്ളതായി അമ്പലവയൽ തഹസിൽദാർ അറിയിച്ചിട്ടുള്ള വിവരം ബോധിപ്പിക്കുന്നു. |
| 2001-02 | 2(1)A | 2005-06 | 2.83.1 | തൊഴിൽ നികുതി : കുടിശ്ശിക പിരിവിൽ അലംഭാവം; 1.64 ലക്ഷം നഷ്ടം | ബഹു. പഞ്ചായത്ത് ഡയറക്ടര്ക്ക് നല്കിയതിന്, ടിയാന് സീനിയർ സൂപ്രണ്ട്, പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ,പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ എന്നീ തസ്തികകളിലേക്ക് നല്കീയ പ്രൊമോഷനുകൾ ക്രമവല്ക്കരിക്കുന്നതിനായുള്ള അപേക്ഷ സര്ക്കാരിന്റെയ പരിഗണനയിൽ ആയതിനാൽ ടിയാന് താത്കാലിക പെന്ഷ ൻ മാത്രമേ അനുവദിച്ചിട്ടുള്ളൂവെന്നും ടിയാന്റെ വകുപ്പുതല ബാദ്ധ്യത തിട്ടപ്പെടുത്തിയിട്ടില്ലായെന്ന വിവരവും 17/12/2011 തിയ്യതിയിലെ എച്ച്2-16212/2010 നമ്പർ കത്ത് പ്രകാരം ബഹു. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചിട്ടുള്ളതാണെങ്കിലും തുടർ അറിയിപ്പുകൾ ലഭ്യമായിട്ടില്ല.<br><br>ബാധ്യത തിട്ടപ്പെടുത്തി നല്കി യിട്ടുള്ളവരിൽ മുൻ സെക്രട്ടറി ശ്രീ ടി.പി. ബാലൻ മരണപ്പെട്ടതായി അറിയാൻ കഴിഞ്ഞിട്ടുണ്ട്.<br><br>ശ്രീ. കെ. എം. രവീന്ദ്രൻ , എന്നവർ കല്പ്പറ്റ ജില്ലാ കോടതിയിൽ കേസ് ഫയൽ ചെയ്തിരുന്നുവെങ്കിലും കേസ് ഡിസ്മിസ് ചെയ്തതിനാൽ ടിയാന്റെ ബാദ്ധ്യതയായി തിട്ടപ്പെടുത്തിയ 61734/- രൂപ പലിശ സഹിതം ഈടാക്കുന്നതിന് 30/11/2018 ലെ 2018/2602/12 നമ്പർ റിക്വസിഷൻ പ്രകാരം ഓണ്ലൈനൻ റവന്യൂ റിക്കവറി റിക്വസിഷൻ സമര്പ്പി ച്ചിട്ടുള്ള വിവരം ബോധിപ്പിക്കുന്നു.<br><br>ശ്രീ എം എം അബ്ദുൾ റഹ്മാൻ എന്നവര്ക്ക് ബാദ്ധ്യതയായി തിട്ടപ്പെടുത്തിയ 19028/- രൂപ പലിശ സഹിതം ഈടാക്കുന്നതിന് |

| | | | | | |
|---|---|---|---|---|---|
| | | | | | 30/11/2018 ലെ 2018/2600/12 നമ്പർ റിക്വസിഷൻ പ്രകാരം ഓണ്ലൈൻ റവന്യൂ റിക്കവറി റിക്വസിഷൻ സമര്പ്പി ച്ചിട്ടുള്ള വിവരം ബോധിപ്പിക്കുന്നു.ആയതിനെതിരെ ടിയാൻ ഹൈക്കോടതിയിൽ WPC/5533/19 നമ്പർ കേസ് ഫയൽ ചെയ്തിട്ടുണ്ട്.<br><br>ശ്രീ പി കേശവൻ എന്നവര്ക്ക് ബാദ്ധ്യതയായി തിട്ടപ്പെടുത്തിയ 6154/- രൂപ പലിശ സഹിതം ഈടാക്കുന്നതിന് 30/11/2018 ലെ 2018/2601/12 നമ്പർ റിക്വസിഷൻ പ്രകാരം ഓണ്ലൈൻ റവന്യൂ റിക്കവറി റിക്വസിഷൻ സമര്പ്പി ച്ചിട്ടുള്ള വിവരം ബോധിപ്പിക്കുന്നു. |
| 2001-02 | 3-7 | 2005-06 | 2.83.2 | തൊഴിൽരഹിത വേതന വിതരണം- ബാക്കി തുക തിരികെ ഒടുക്കിയില്ല | ഉത്തരവാദിയായ മുൻ സെക്രട്ടറി എം എം അബ്ദുൾ റഹ്മാൻ എന്നവരിൽ നിന്നും തുക റവന്യൂ റിക്കവറി മുഖേന ഈടാക്കുന്നതിന് യൂസർ ഐ ഡിയും പാസ് വേഡും അയച്ചുതരുന്നതിന് എറണാകുളം ജില്ലാകളക്ടര്ക്ക് അപേക്ഷ സമര്പ്പി ച്ചിരുന്നുവെങ്കിലും ലഭ്യമായിരുന്നില്ല.<br><br>റവന്യൂ റിക്കവറി സോഫ്റ്റ് വെയർ ഓണ്ലൈൻ ആയതിനെ തുടര്ന്ന് 30/11/2018 ലെ 2018/2599/12 നമ്പർ റിക്വസിഷൻ പ്രകാരം തുക പലിശ സഹിതം ഈടാക്കുന്നതിന് ഓണ്ലൈൻ റിക്വസിഷൻ സമര്പ്പി ച്ചിട്ടുള്ള വിവരം ബോധിപ്പിക്കുന്നു.ആയതിനെതിരെ ടിയാൻ ഹൈക്കോടതിയിൽ WPC/5533/19 നമ്പർ കേസ് ഫയൽ ചെയ്തിട്ടുണ്ട്. |
| 2005-10 | | | | | മുഴുവൻ ഖണ്ഡികകളും തീർപ്പാക്കി |

# 4-7 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | ചാർജ് സർട്ടിഫിക്കറ്റ് | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | ചാർജ്ജ് സർട്ടിഫിക്കറ്റ് പ്രകാരമുള്ള തുക യഥാസമയം സ്ഥാപനത്തിന്റെ ഡിമാന്റിൽ ഉൾപ്പെട്ട | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക | കോടതി വ്യവഹാരങ്ങളിൽ | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|---|

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | ത്തിയി ട്ടുണ്ടോ? (ഉണ്ട്/ഇല്ല). | (തീയതി) | | | | | |
| | | | | നമ്പരും തീയതിയും | തുക | | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 |
| ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദി യായ ഉദ്യോഗ സ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാ ക്കിയ തുക (രസീത് നമ്പർ/ തീയതി) | സർചാർജ്ജ് സർട്ടിഫി ക്കറ്റ് പ്രകാര മുള്ള തുക യഥാ സമയം സ്ഥാപന ത്തിന്റെ ഡിമാന്റിൽ ഉൾപ്പെടുത്തി യിട്ടുണ്ടോ? (ഉണ്ട്/ഇല്ല). | റവന്യൂ റിക്കവറി നടപടി യിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാര ങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേ ഷിക്കുന്ന തുക/ ബാധ്യത | റിമാർ ക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | | ഉൾപ്പെട്ട തുക | ഈടാ ക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 |
| 1 | 1999-00 | 71(4) | എം എം അബ്ദുൾ റഹ്മാൻ,സെക്രട്ടറി | | | | ഇല്ല | 65920 | | | 65920 | 0 | |

# 4-8 ഓഡിറ്റ് പ്രത്യവലോകനം

## (എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 13,38,43,723 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 12,33,28,063 |
| വരവിനങ്ങളിലുള്ള നഷ്ടം | : | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 5,00,000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 7150950 |

## (ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടം | | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും |
|---|---|---|---|
| | ചാർജ്ജ് | സർചാർജ്ജ് | |

| | | | |
|---|---|---|---|
| | | | ഉദ്യോഗപേരും |
| 3-1 | | 5,00,000 | സതീഷ്കുമാർ.എ.ആർ<br>വി.ഇ.ഒ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 1,29,500 | ശ്രീ.അജി കെ പണിക്കർ,അസി.സെക്രട്ടറി |
| 1-16 | 5,50,000 | സെക്രട്ടറി |
| 1-17(a) | 8,10,000 | ശ്രീ.അജി കെ പണിക്കർ,അസി.സെക്രട്ടറി. |
| 1-17(b) | 45,00,000 | ശ്രീ.എൻ.എ.ജയരാജൻ, സെക്രട്ടറി |
| 1-22 | 99,970<br>5,55,092 | ശ്രീ. വിന്നിജോൺ അസി. എഞ്ചിനീയർ<br>ശ്രീമതി. ഇന്ദിര എൻ.എം.അസി.എഞ്ചിനീയർ |
| 1-27 | 3,27,388 | ശ്രീമതി. ഇന്ദിര.എൻ.എം,<br>അസി.എഞ്ചിനീയർ |
| 1-28 | 1,79,000 | ശ്രീ.വിന്നിജോൺ<br>അസി.എഞ്ചിനീയർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.സതീഷ്കുമാർ.എ.ആർ | വി.ഇ.ഒ. മുള്ളൻകൊല്ലി<br>ഗ്രാമപഞ്ചായത്ത് | അല്ലിയാങ്കൽ |

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 | എൽ.എഫ് (ഡബ്ല്യൂ).പി2/198 തീയതി 30.06.18 |
| 1997-98 | എൽ.എഫ് (ഡബ്ല്യൂ).പി2/198 തീയതി 30.06.18 |
| 1998-99 | എൽ.എഫ്(ഡബ്ല്യൂ).പി1/299/02 തീയതി 30.06.18 |
| 1999-00 | എൽ.എഫ് (ഡബ്ല്യൂ).പി4/121/03തീയതി 01.07.18 |
| 2000-01 | എൽ.എഫ് (ഡബ്ല്യൂ).പി5/182/04 തീയതി 06.10.05 |
| 2001-02 പ്ലാൻ | എൽ.എഫ് (ഡബ്ല്യൂ).പി4/439/04 തീയതി 07.05.05 |
| 2001-02 | എൽ.എഫ് (ഡബ്ല്യൂ).പി4/93/05 തീയതി 13.02.08 |
| 2002-03 | എൽ.എഫ് (ഡബ്ല്യൂ).പി4/511/06തീയതി 12.02.08 |
| 2003-04 | എൽ.എഫ് (ഡബ്ല്യൂ).പി4/405/07 തീയതി 06.03.08 |
| 2004-05 | എൽ.എഫ് (ഡബ്ല്യൂ).പി4/565/09 തീയതി 01.01.10 |
| 2005-06 | എൽ.എഫ് (ഡബ്ല്യൂ).പി4/566/09 തീയതി 01.01.10 |
| 2006-07 | എൽ.എഫ് (ഡബ്ല്യൂ).പി4/227/11 തീയതി 23.12.11 |
| 2007-08 | എൽ.എഫ് (ഡബ്ല്യൂ).പി4/228/11 തീയതി 28.12.11 |
| 2008-09 | എൽ.എഫ് (ഡബ്ല്യൂ).പി4/183/12 തീയതി13.03.12 |
| 2009-10 | എൽ.എഫ് (ഡബ്ല്യൂ).പി4/327/12 തീയതി 24.08.12 |
| 2010-11 | എൽ.എഫ് (ഡബ്ല്യൂ).പി3/636/13 തീയതി 09.10.13 |
| 2011-12 | എൽ.എഫ് (ഡബ്ല്യൂ).പി3/150/14 തീയതി 28.03.16 |
| 2012-13 | എൽ.എഫ് (ഡബ്ല്യൂ).പി3/150/14 തീയതി 28.03.16 |
| 2013-14 | കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി.പി3-481/15തിയ്യതി 17.03.08 |
| 2014-15 | കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി.പി3-441/16തിയ്യതി 17.03.18 |
| 2015-16 | കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി.പി3-632/17 തിയ്യതി 16.03.18 |
| 2016-17 | കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി.പി3-574/17 തീയതി 19.10.18 |
| 2017-18 | കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി.പി3-35/19 തീയതി 14/02/2019 |

ഡെപ്യൂട്ടി ഡയറക്ടർ

# അനുബന്ധം-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.ഡബ്ല്യ.വൈ.ഡി.പി3-55/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്

കൽപ്പറ്റ - 673121

തിയ്യതി : 19/02/2020

Phone- 04936 203672

Email- dowyd.ksad@kerala.gov.in

സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിൻെറ 4 -ാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത് രാജ്/നഗരപാലിക സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ അവലംബിച്ചും വയനാട് ജില്ലയിലെ മുള്ളൻകൊല്ലി ഗ്രാമ പഞ്ചായത്തിന്റെ 31/03/2019-ൽ അവസാനിച്ച വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെൻറിൻെറ പരിശോധന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ സാക്ഷ്യപത്രത്തിൻെറ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എൻെറ അഭിപ്രായത്തിൽ മുള്ളൻകൊല്ലി ഗ്രാമ പഞ്ചായത്തിന്റെ 2018-19 വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെൻറ് വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം,വയനാട്

# <u>അനുബന്ധം -2 വാർഷിക കണക്കിലെ ന്യൂനതകളുടെ സംഗ്രഹം</u>

1. മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക കണക്ക് പരിശോധന റിപ്പോർട്ടിൽ (കെ.എസ്.എ. ഡബ്ല്യു.വൈ.ഡി./പി2-569/18 28/06/2018) പരാമർശിച്ച അപാകങ്ങൾ നാളിതുവരെയും പരിഹരിച്ചിട്ടില്ല.
2. ആസ്തി രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ എന്നിവയിൽ വർഷാന്ത്യമൂല്യം കണക്കാക്കിയിട്ടില്ല. ആയതിനാൽ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ഫിക്സ്ഡ് അസറ്റ്സിൻെറയും സ്റ്റോക്കിൻേറയും കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

3. വസ്തുനികുതിയിൽ വാർഷിക കണക്കിലെയും, സഞ്ചയ സ്റ്റോറ്റ് വെയറിൽ നിന്ന് ലഭ്യമായ ഡിമാന്റ്,കളക്ഷൻ തുകകളും പൊരുത്തപ്പെടുന്നില്ല.

| ഇനം | ഡിമാൻറ് | | കളക്ഷൻ | | ബാലൻസ് | |
|---|---|---|---|---|---|---|
| | AFS ₹ | Sanchaya₹ | AFS ₹ | Sanchaya ₹ | AFS ₹ | Sanchaya ₹ |
| റസിഡൻഷ്യൽ | 14,76,044 | 13,43,650 | 14,75,953 | 13,04,665 | - | 48,127 |
| നോൺ റസിഡൻഷ്യൽ | 7,04,443 | 8,93,143 | 6,88,767 | 8,66,247 | 15,676 | 19,234 |

4. അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്) വാർഷികക്കണക്കുകളോടൊപ്പം സമർപ്പിച്ചിട്ടില്ല.

5. കെട്ടിടനിർമ്മാണാനുമതി, ക്രമവൽക്കരണം രജിസ്റ്ററുകൾ പൂർത്തീകരിച്ചിട്ടില്ല.

6. പഞ്ചായത്ത് ജനറൽ ഫണ്ട് surplus /deficit തൻവർഷ നീക്കിയിരിപ്പ് ട്രയൽ ബാലൻസിലേയും ബാലൻസ്ഷീറ്റിലേയും തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ഹെഡ് ഓഫ് അക്കൗണ്ട് | ട്രയൽ ബാലൻസ് നീക്കിയിരിപ്പ് | ബാലൻസ് ഷീറ്റ് നീക്കിയിരിപ്പ് |
|---|---|---|
| 310900101 | ₹1,36,737/- | ₹ 9,60,910/- |

7. ട്രഷറി ടി.എസ്.ബി,തനതുഫണ്ട് ബാങ്ക് അക്കൌണ്ട് എന്നിവയിൽ കേന്ദ്രാവിഷ്കൃതഫണ്ട് ഉൾപ്പെടെ പ്രത്യേക അക്കൌണ്ടിൽ സൂക്ഷിക്കേണ്ട പല ഫണ്ടുകളും നിക്ഷേപിച്ചിരിക്കുന്നു.വ്യത്യസ്ത ആവശ്യങ്ങൾക്കുള്ള ഫണ്ടുകൾ പ്രത്യേകം അക്കൌണ്ടുകളിൽ സൂക്ഷിക്കേണ്ടതാണ്.തനതുഫണ്ട് അക്കൌണ്ട് പ്രത്യേകം നിലനിർത്തേണ്ടതാണ്. തനത് ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ള ഇതര ഫണ്ടുകളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ ഫണ്ടുകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്.

കൽപ്പറ്റ,
19/02/2020